I.ഇ.ബി. XIIകേരള നിയമസഭ/IX-7

**പന്ത്രണ്ടാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഡിസംബർ 2 ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയ നോട്ടീസ്**

മുഖ്യമന്ത്രി നടത്തിയ പരാമർശം

മി. സ്പീക്കർ: മുംബൈ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സന്ദീപ് ഉണ്ണികൃഷ്ണന്റെ കുടുംബത്തെപ്പറ്റി മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ മുഖ്യമന്ത്രി നടത്തിയ പരാമർശത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.ടി. അഹമ്മദ് അലി, തോമസ് ചാഴികാടൻ, കെ.ബി. ഗണേഷ് കുമാർ കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. . മുഖ്യമന്ത്രി നടത്തിയതായി പറയപ്പെടുന്ന പരാമർശത്തെ സംബന്ധിച്ച് മുഖ്യ

മന്ത്രി നേരിട്ട് വിശദീകരണം നൽകുന്നതാണ് ഉചിതമെന്ന് ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഈ പ്രശ്നം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നാളെ ചർച്ചയ്ക്കെടുക്കുന്നതായിരിക്കും ഉചിതം.

**ശ്രദ്ധക്ഷണിക്കൽ**

1. പരിസ്ഥിതി ദുർബലപ്രദേശങ്ങളിൽ നടക്കുന്ന കയ്യേറ്റങ്ങളും ഭൂരഹിതർ അനുഭവിക്കുന്ന വിഷമതകളും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സംസ്ഥാനത്തെ റവന്യൂ ഭൂമി കൈകാര്യം ചെയ്യുന്നതിൽ ഗവൺമെന്റ് കാണിക്കുന്ന അനാസ്ഥയും കെടുകാര്യസ്ഥതയും തീവ്രമായ പ്രശ്നമായി നിൽക്കുകയാണ്. സംസ്ഥാനത്ത് ലാന്റ് ബാങ്ക് രൂപീകരിക്കുമെന്ന് ഗവൺമെന്റ് നേരത്തെ പ്രഖ്യാപിച്ചിരുന്നതാണ്. ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് യോഗ്യമായ സർക്കാർ ഭൂമി ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുകയാണ്. റവന്യു വകുപ്പു തന്നെ അഗസ്ത്യമലയിലെ ബയോ സ്ഫിയർ റിസർവിലും ഇക്കോളജിക്കലി ഫ്രജൈൽ ലാന്റായും കണ്ടിട്ടുള്ള ഭുമിയിലെ നാച്ചറൽ വെജിറ്റേഷൻ വെട്ടിമാറ്റുന്നതിനുവേണ്ടി നിർദ്ദേശം കൊടുത്തു. 74.81 ഏക്കർ ഭൂമി 600 പേർക്ക് വീട് വയ്ക്കാൻ നൽകുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപനം നടത്തിയത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നൽകിയ കൗണ്ടർ അഫിഡവിറ്റിൽ ഈ ഭൂമി ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ് ആണെന്നും പരിസ്ഥിതിക്ക് വളരെ പ്രധാനപ്പെട്ടതാണെന്നും പറഞ്ഞിട്ടുണ്ട്. ആ സ്ഥലം 1898 നവംബർ എട്ടാംതീയതി ഇറക്കിയ ഗസറ്റിൽ ഒഴിച്ചിടപ്പെട്ട വെട്ടിത്തെളിച്ചുകൂടാത്ത വനങ്ങളുടെ കൂട്ടത്തിൽ നോട്ടിഫൈ ചെയ്യുകയും ഈ പ്രദേശത്തിന്റെ നാലതിരുകൾ അവർ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുള്ളതാണ്. റവന്യൂ ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കണമെന്ന് ശുപാർശ ചെയ്തിട്ടുള്ള ചില ഭൂമികൾ

റവന്യു ഡിപ്പാർട്ടുമെന്റുതന്നെ ഏറ്റെടുക്കണമെന്ന് അന്വേഷണ കമ്മിഷൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. പാവപ്പെട്ട 600 കുടുംബങ്ങളെ മനുഷ്യ മറയായി ഉപയോഗിച്ചുകൊണ്ട് അവർക്ക് പത്തുസെന്റു ഭൂമി വിതം കൊടുത്ത് അവിടത്തെ നാച്ചറൽ വെജിറ്റേഷൻ നശിപ്പിക്കാൻ ശ്രമം നടത്തുകയാണ്. അതേസമയം മിച്ചഭൂമിയായി കിടക്കുന്ന സ്ഥലം വലിയ മുതലാളിമാർ കൈവശപ്പെടുത്തി വച്ചിരിക്കുകയും ഭൂമാഫിയയും ഗവൺമെന്റും തമ്മിൽ തർക്കമുണ്ടാകുമ്പോൾ ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുക്കുകയും റവന്യു വകുപ്പുതന്നെ അത് തകർക്കുന്നതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നു. മെർക്കിസ്റ്റൺ എസ്റ്റേറ്റ് സംബന്ധിച്ച പ്രശ്നത്തിൽ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കണം.

റവന്യു വകുപ്പുമന്ത്രി ( ശ്രീ. കെ.പി. രാജേന്ദ്രൻ): 2003-ലെ കേരള ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് മാനേജുമെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ് നിയമമനുസരിച്ച് പരിസ്ഥിതി ദുർബലപ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളുടെ പൂർണ്ണമായ നിയന്ത്രണം വനം വകുപ്പിനാണ് വരുന്നത്. ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. എന്നാൽ റവന്യൂ വകുപ്പിന്റെ അധികാരത്തിലും കൈവശത്തിലും അനുഭവത്തിലുമുള്ള പതിച്ചുകൊടുക്കാവുന്ന തരത്തിൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി അതാതു നിയമപ്രകാരം ഭൂരഹിതർക്ക് പതിച്ചുനൽകുന്നതിനുള്ള നടപടി തുടരുന്നതാണ്. ഭൂവിതരണ മേളയിലൂടെ 4810 പേർക്ക് നാല് സെന്റു മുതൽ 30 സെന്റുവരെയുള്ള ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ശരിയായ മാനദണ്ഡങ്ങളനുസരിച്ചാണ് ഭൂരഹിതരെ തെരഞ്ഞെടുത്തതും മിച്ചഭൂമി വിതരണം ചെയ്തിട്ടുള്ളതും. അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താൻ ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ട്. ഇരുപത്തിയഞ്ചും

ഇരുപത്തിയെട്ടും വർഷം പഴക്കമുള്ള കേസുകളാണ് ഇപ്പോൾ തീർപ്പുകൽപ്പിച്ചുകൊണ്ടിരിക്കുന്നത്. മിച്ചഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുക എന്നത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വലിയ ദൗത്യമാണ്. നിശ്ചിത സമയത്തിനുള്ളിൽ ഭൂരഹിതരായിട്ടുള്ള എല്ലാവർക്കും ഭൂമി വിതരണം ചെയ്യാൻ തീരുമാനമെടുത്തിരിക്കുകയാണ്. കയ്യേറ്റം ഒഴിപ്പിച്ചെടുത്തതും ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ളതും വിതരണയോഗ്യവുമായ ഭൂമിയുടെ വിതരണം 2009 ജനുവരിയിൽ ആരംഭിക്കുകയാണ്. ദേവികുളം താലൂക്കിൽ 1662 ഏക്കർ ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അർഹതപ്പെട്ടവരിൽനിന്ന് അപേക്ഷകൾ സ്വീകരിച്ച് അതിന്റെ വിതരണ നടപടിയുമായി മുന്നോട്ടുപോകുകയാണ്. ആദ്യമായി ആദിവാസി പ്രശ്നം പരിഹരിക്കുന്ന സംസ്ഥാനം കേരളമായിരിക്കണമെന്ന ലക്ഷ്യത്തോടുകൂടി ഗവൺമെന്റ് മുന്നോട്ടുനീങ്ങുകയാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയില്ല.

(2) <u>കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ടം</u>

<u>ശ്രീ. വി. എൻ. വാസവൻ</u>: കേരള സംസ്ഥാന ഗതാഗത പദ്ധതിക്ക് 22-12-1997-ൽ ഭരണാനുമതി നൽകി. 2100 കോടി രൂപയുടെ പദ്ധതിക്ക് 2810 കി.മീ. Strategic Option Study (S.O.S) നടത്തിയിരുന്നതാണ്. അത് പിന്നീട് ഭേദഗതി വരുത്തി 1600 കി.മീ.റോഡായി നിജപ്പെടുത്തുകയും 1000 കി.മീ. റോഡ് ഹെവി മെയിന്റനൻസും 600 കി.മീ. റോഡ് അപ്ഗ്രഡേഷനുമായി തീരുമാനിക്കുകയും ചെയ്തു. ഇതിൽ ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ടിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കു

ന്നില്ലെന്നു മാത്രമല്ല കാലടി-അങ്കമാലി റോഡിന്റെ പണി തീരാതെ നിൽക്കുകയും വീതി കുറഞ്ഞുപോവുകയും ശ്രീശങ്കര പാലത്തിന്റെ പണി പിന്നോക്കാവസ്ഥയിൽ നിൽക്കുകയുമാണ്. ഇത്തരം സാഹചര്യങ്ങൾ ഗൗരവമായി കണക്കിലെടുക്കണം. 2005-ൽ തന്നെ പണി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ഭൂമി ഏറ്റെടുക്കാത്തതും അന്നത്തെ മോണിട്ടറിംഗ് സംവിധാനത്തിന്റെ പരാജയവും മൂലം പണി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. രണ്ട് പ്രധാനപ്പെട്ട റോഡുകളുടെ അപ്ഗ്രഡേഷനും ആരംഭിച്ച വർക്കുകൾ പൂർത്തീകരിക്കാത്തതും ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ടിനെ ഏറ്റെടുക്കാത്തതുമായ ഗൗരവമേറിയ പ്രശ്നങ്ങൾ കണക്കിലെടുക്കുകയും രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭൂമി ഏറ്റെടുക്കൽ നടപടി എത്രയും വേഗം പൂർത്തീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുകയും വേണം. ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റികളുടെ പ്രവർത്തനങ്ങളുടെ പോരായ്മയും ഫണ്ടിന്റെ അപര്യാപ്തതയും ഗൗരവമായി കാണണം. ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പും ഇറിഗേഷൻ വകുപ്പും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുകയും ഒന്നാംഘട്ടത്തിന്റേയും രണ്ടാംഘട്ടത്തിന്റേയും പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടത്തുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>): കെ.എസ്.ടി.പി. പദ്ധതിയുമായി ബന്ധപ്പെട്ട രണ്ടാംഘട്ട പ്രവർത്തനങ്ങൾ എത്രയുംവേഗം ആരംഭിക്കുന്നതിനുവേണ്ട നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. 1996-ൽ നടത്തിയ വിശദമായ സ്ട്രാറ്റജിക് സ്റ്റഡിയെ അടിസ്ഥാനമാക്കി പ്രധാനപ്പെട്ട 1600 കി.മീ. റോഡുകൾ വികസിപ്പിക്കുന്നതിനായി

തെരഞ്ഞെടുത്തതിൽ 1000 കി.മീ. റോഡ് ഹെവി മെയിന്റനൻസിനും 600 കി.മീ. റോഡ് അപ്ഗ്രഡേഷനുമായി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചത്. ഇതിന്റെ പ്രോജക്ട് അടങ്കൽ തുക 336 മില്ല്യൻ യു.എസ്. ഡോളറാണ്. 255 മില്ല്യൻ യു.എസ്. ഡോളർ ബാങ്ക് ലോണും 81 മില്ല്യൻ യു.എസ്. ഡോളർ സംസ്ഥാന വിഹിതവുമാണ്. 6-5-2002-നാണ് ഇൻഡ്യാ ഗവൺമെന്റും ഐ.ബി.ആർ.ഡി.യുമായി കരാർ ഒപ്പിട്ടത്. 1000 കി.മീ. റോഡിന്റെ മെയിന്റനൻസ് കോൺട്രാക്ടിന്റെ പണിയിൽ 925 കി.മീ. റോഡ് പൂർത്തിയാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിൽ വന്ന കാലതാമസവും വിവിധ പ്രശ്നങ്ങളും മൂലമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടു പോകാതിരുന്നത്. ബാക്കി പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. അപ്ഗ്രഡേഷനിൽ വരുന്ന 600 കി.മീറ്ററിൽ കെ.എസ്.ടി.പി. ഫേസ്-I-ൽ 255 കി.മീറ്ററിന്റെ പണികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. മുടങ്ങിക്കിടന്നിരുന്ന കെ.എസ്.ടി.പി. യുടെ വിവിധ റോഡ് വികസന പദ്ധതികൾ പുന:രാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ടി.പി. ഫേസ്-II സംബന്ധിച്ച് സർക്കാർ 367.8 കി.മീ. റോഡിന്റെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട പരിശോധനയിൽ സർക്കാർ ഇത് തത്വത്തിൽ അംഗീകരിക്കുകയും പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുപ്പു നടപടികളെക്കുറിച്ച് സർക്കാർ പരിശോധിക്കുകയും ഇതിനോടകം 200 കി.മീറ്റർ സ്ഥലത്തിന്റെ ഏറ്റെടുപ്പുനടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി സ്ഥലത്തിന്റെ ഏറ്റെടുപ്പുനടപടികൾ ത്വരിതഗതിയിലാ

ക്കുന്നതിനുവേണ്ടി വിവിധ കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മുടങ്ങിപ്പോയ പദ്ധതി പുന:രാരംഭിക്കുന്ന കാര്യം സർക്കാർ ഗൗരവമായി ആലോചിക്കും. നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ നടപടി എടുക്കുന്നതാണ്.

**സബ്മിഷൻ**

(1) ഭക്ഷ്യോല്പാദന പദ്ധതി

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാനം നേരിടുന്ന ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി പ്രഖ്യാപിച്ച ഭക്ഷ്യോല്പാദന പദ്ധതിക്കാവശ്യമായ പണം നീക്കിവയ്ക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സംസ്ഥാനത്തെ ഭക്ഷ്യോല്പാദനത്തിൽ വൻകുതിപ്പ് കൈവരുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ അംഗീകാരം നൽകിയ 'ജനകീയ ഭക്ഷ്യസുരക്ഷാ കർമ്മപരിപാടി' കാർഷിക അനുബന്ധ മേഖലകളിലും നെല്ല്, പച്ചക്കറി, മുട്ട എന്നിവയുടെ ഉല്പാദനത്തിലും ഗണ്യമായ വർദ്ധനവിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഭക്ഷ്യോല്പാദനവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ ഏകോപനത്തിനായി രൂപീകരിച്ച ഉന്നത ഉദ്യോഗസ്ഥതല ഏകോപനസമിതി 06.10.2008-ൽ യോഗം ചേരുകയും വിവിധ വിളകൾക്ക് ഉല്പാദന വർദ്ധനവ് കൈവരുത്താൻ തീരുമാനിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലും അനുവദിച്ചിട്ടുള്ള തുകയിൽനിന്ന് ഒരു വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി

വിഹിതത്തിൽനിന്നും 1200.10 കോടി രൂപയും 2008-09-ൽ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാനായി ചെലവഴിച്ചിട്ടുണ്ട്. ഭക്ഷ്യ പ്രതിസന്ധിയുടെ ഗൗരവം കണക്കിലെടുത്ത് നേരത്തെ അനുവദിച്ച തുക കൂടാതെ 135.5 കോടി രൂപ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. മൊത്തം 1313.6 കോടി രൂപയുടെ അടങ്കലാണ് ഈ പദ്ധതിക്കുവേണ്ടി 2008-09-ൽ കണക്കാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാകുന്ന മുറയ്ക്ക് ഈ തുക നൽകുന്നതാണ്.

(2) പി.എച്ച്.സി ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ. അനിരുദ്ധൻ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത 24 ഗ്രാമപഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിനേയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(3) അനൂപിന്റെ മോചനം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയ കപ്പലിലെ ജീവനക്കാരനും കണ്ണൂർ പരിയാരം

സ്വദേശിയുമായ അനൂപ് എന്ന യുവാവിനെ അടിയന്തിരമായി മോചിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയ കപ്പലിലെ ജീവനക്കാരനും കണ്ണൂർ സ്വദേശിയുമായ അനൂപ് എന്ന യുവാവ് കൊള്ളക്കാരുടെ തടങ്കലിൽപ്പെട്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) അയൺ ഗുളികകളിൽ ഇരുമ്പിന്റെ അംശം

ശ്രീമതി കെ. കെ. ലതിക: സംസ്ഥാനത്ത് വിതരണം ചെയ്തുകൊണ്ടിരിക്കുന്ന അയൺ ഗുളികകളിൽ ഇരുമ്പ്പൊടി ചേർത്തിരിക്കുന്നതായി റിപ്പോർട്ട് വന്നിരിക്കുന്നു. ഇത്തരം ഗുളികകൾ കഴിച്ചാൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഡ്രഗ്ഗ് ടെസ്റ്റിംഗ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയും ഡ്രഗ്സ് കൺട്രോൾ വകുപ്പിനെ ശക്തിപ്പെടുത്തിയും അഴിമതി മുക്തമാക്കിയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : മെഡിക്കൽ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന അയൺ ഗുളികകളിൽ ഇരുമ്പിന്റെ അംശം കൂടുതലായി കണ്ടുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ മരുന്നുകളുടെ സാമ്പിളുകൾ പരിശോധനയ്ക്കെടുക്കുവാൻ ഡ്രഗ്സ് കൺട്രോളർ ഡ്രഗ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനയിൽ ഗുണനിലവാരം

ഇല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത മരുന്നുകളുടെ ഉപയോഗം നിറുത്തിവയ്ക്കുന്നതും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റിലെ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്.

(5) മഹാകവി ടി. ഉബൈദിന് സ്മാരകം

ശ്രീ. സി.ടി. അഹമ്മദ് അലി: മലയാള സാഹിത്യത്തിലും മാപ്പിളപ്പാട്ട് സാഹിത്യത്തിലും കൂടുതൽ പഠനവും ഗവേഷണവും നടത്താൻ കഴിയുന്ന രീതിയിൽ മഹാകവി ടി. ഉബൈദ് സാഹിബിന് ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ബഹുമുഖവ്യക്തിത്വത്തിന്റെ ഉടമയായ ടി. ഉബൈദ് സാഹിബിന്റെ ജന്മശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി കാസർഗോഡ് നഗരസഭയും ജന പ്രതിനിധികളും, സാഹിത്യ അക്കാഡമിയും സാംസ്ക്കാരികവകുപ്പുമായി ചേർന്ന് ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. സാഹിത്യ അക്കാഡമി അദ്ദേഹത്തിന്റെ കൃതികൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(6) ഉച്ചഭക്ഷണ പദ്ധതി

ശ്രീ. എം. മുരളി: വിദ്യാലയങ്ങളിലെ ഏകജാലക ഉച്ചഭക്ഷണ പദ്ധതി പരിഷ്ക്കരണ പ്രഖ്യാപനത്തിന്റെ പേരിൽ പാചകത്തൊഴിലാളികൾക്കിടയിലുണ്ടായിരിക്കുന്ന ആശങ്ക ദൂരീകരിക്കാനും അവരുടെ പ്രതിഫലത്തുക വർദ്ധിപ്പിക്കാനും അതാതു വിദ്യാലയങ്ങളിലൂടെ ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ പരിഷ്ക്കാരങ്ങൾ വരുത്താനുദ്ദേശിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിൽ പണിയെടുക്കുന്ന പാചകത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകില്ല. പോണ്ടിച്ചേരി, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് മാതൃകാപരമായ സമീപനങ്ങൾ സ്വീകരിക്കുകയുണ്ടായി. മാതൃകാപരമായി സ്വീകരിക്കാവുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിൽ അത്തരത്തിൽ ഒന്നോ രണ്ടോ സ്ഥലത്ത് പൈലറ്റ് പ്രോജക്ടായി ഈ പദ്ധതി നടപ്പാക്കാനും അതു വിജയകരമാണെന്നു കണ്ടാൽ മറ്റു സ്ഥലങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതുമായിരിക്കും.

(7) പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. എൻ. ശക്തൻ: കരമനയാറിനു കുറുകെ കുണ്ടമൺകടവിൽ ഒരു പുതിയ പാലം പണിയുന്നതിനും പഴയ പാലം ഒരു ചരിത്രസ്മാരകമാക്കി നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): പ്രസ്തുത പാലം പണിയുന്നതിനുള്ള അലൈൻമെന്റും ഡിസൈനും തയ്യാറാക്കിയിട്ടുണ്ട്. പാലം നിർമ്മിക്കുന്നതിനും അപ്രോച്ച്റോഡിനും ആവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതിനായി 2008-ലെ പുതുക്കിയ ഷെഡ്യൂൾ പ്രകാരം 925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നടപ്പു വർഷത്തെ ബഡ്ജറ്റിൽ പാലത്തിന്റെ നിർമ്മാണത്തിനായി ടോക്കൺ പ്രൊവിഷൻ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ആയതിനാൽ സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനകാര്യ

വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(8) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ: കുന്നത്തൂർ താലൂക്കിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കുന്നത്തൂർ താലൂക്കിൽ ഒരു ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പട്ടികയിലെ 39-ാമത്തെ ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(10) വെള്ളായണിക്കായൽ സംരക്ഷണം

ശ്രീ. ജോർജ് മേഴ്സിയർ: മണൽ മാഫിയയുടെയും മറ്റും പിടിയില മർന്ന് നശിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ശുദ്ധജല തടാകമായ വെള്ളായണിക്കായൽ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേരളത്തിലെ ശുദ്ധ ജല തടാകമായ വെള്ളായണിക്കായൽ സംരക്ഷിക്കുന്നതിന് ശക്തമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടത്തുന്നതാണ്. വെള്ളായണിക്കായലും അതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളും സംരക്ഷിതമേഖലയായി പ്രഖ്യാപിക്കുന്നതിനും മാലിന്യങ്ങളും ചെളിയും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കായൽ പ്രദേശത്തുനിന്നും അനധികൃതമായി മണൽ ഖനനം ചെയ്യുന്നത് തടയുന്നതിന് പോലീസ്, റവന്യൂ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത സ്ക്വാഡുകൾ രൂപീകരിക്കുകയും പട്രോളിംഗ് ശക്തിപ്പെടുത്തു

കയും ചെയ്തതിന്റെ ഫലമായി അനധികൃത മണൽ കടത്തുവള്ളങ്ങൾ പിടിച്ചെടുക്കാനും കേസ്സുകൾ ചാർജ് ചെയ്യാനും സാധിച്ചിട്ടുണ്ട്.

(11) <u>പുനലൂർ പേപ്പർ മിൽ</u>

<u>ശ്രീ. കെ. രാജു</u> : കഴിഞ്ഞ 21 വർഷമായി പൂട്ടിക്കിടക്കുന്ന പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>) : പുനലൂർ പേപ്പർ മിൽ 1987 മുതൽ തുറന്നു പ്രവർത്തിപ്പിക്കാൻ ശ്രമം നടത്തിയെങ്കിലും ഫലവത്തായില്ല. 2002-ൽ കരാറിലേർപ്പെട്ടുവെങ്കിലും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ കരാർ റദ്ദാക്കി. നിയമപരമായ എല്ലാ നടപടികളും പൂർത്തിയാക്കിയതിനുശേഷം ബി.ഐ.എഫ്.ആർ-ന്റെ തീരുമാനത്തിന് വിധേയമായിട്ടുമാത്രമേ മിൽ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ.

(12) <u>പാർവ്വതി മിൽ</u>

<u>ശ്രീ. എ.എ. അസീസ്</u> : നവീകരണത്തിന്റെ പേരിൽ ജീവനക്കാരെ പിരിച്ചുവിട്ട കൊല്ലത്തെ പാർവ്വതി മിൽ ബോംബെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജയഭാരതം മില്ലിന് കൈമാറാനുള്ള നീക്കം ഉപേക്ഷിച്ച് പൊതുമേഖലാ സ്ഥാപനമായി നിലനിറുത്തണം.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ.എളമരം കരീം</u>) : നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിന്റെ ഭാഗമായി പാർവ്വതി മിൽ ഉൾപ്പെടെ 30 മില്ലുകളുടെ കരട് നവീകരണ പദ്ധതി ബി.ഐ.എഫ്.ആർ. തയ്യാറാക്കിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടെക്സ്റ്റയിൽ മില്ലുകളുടെ പുനരുദ്ധാരണത്തിനായി ചില സൗജന്യങ്ങളും

ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന ആവശ്യം ബി.ഐ.എഫ്.ആർ. അംഗീകരിച്ചിട്ടുണ്ട്. മില്ലിന്റെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള സ്ഥലം അതിനുവേണ്ടിത്തന്നെ ഉപയോഗിക്കണം. പാർവ്വതി മില്ലിന്റെ ഭരണ നിയന്ത്രണം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായതിനാൽ കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത്.

(13) ദേശീയപാതയുടെ വീതി

ശ്രീ. സി.എം. ദിനേശ്മണി : അരൂർ-ഇടക്കൊച്ചി-പള്ളുരുത്തി റോഡ് വീതികൂട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : പഴയ ദേശീയ പാതയുടെ ഭാഗമായ അരൂർ-ഇടക്കൊച്ചി-പള്ളുരുത്തി റോഡിൽ ഇ.എസ്.ഐ. ഡിസ്പെൻസറി മുതൽ കോർപ്പറേഷൻ റിലീഫ് സെറ്റിൽമെന്റ് വരെയുള്ള 600 മീറ്റർ ദൂരം വീതികുട്ടണമെന്ന ആവശ്യം ഗവൺമെന്റ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ എഗ്രീമെന്റ് നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതാണ്. റോഡിന്റെ ബാക്കിയുള്ള ഭാഗങ്ങളും വീതി കൂട്ടുന്ന കാര്യം പരിഗണനയിലാണ്.

(14) ടി.ടി.സി. പരീക്ഷാ ഫലം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : ടി.ടി.സി. പരീക്ഷ മാർച്ചുമാസം നടത്തി മേയ് മാസത്തിൽ ഫലം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : 2007 മുതൽ സ്വകാര്യ മേഖലയിൽ ടി.ടി.ഐ. ആരംഭിച്ചതോടുകൂടി ടി.ടി.ഐ.കളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ടി.ടി.ഐ.കളിൽ ഒന്നാംവർഷ പ്രവേശനം പൂർത്തിയാകുന്നത് ഒക്ടോബർ മാസത്തിലാണ്. പൊതുപരീക്ഷ മാർച്ചുമാസത്തിൽ നടത്തിയാൽ സിലബസ്സ് പൂർണ്ണമായി

പഠിക്കുന്നതിനും പരിശീലനത്തിനും വേണ്ടത്ര ദിവസങ്ങൾ കിട്ടാതെവരും. പ്രവേശനം നേരത്തെ നടത്തി പരീക്ഷ മാർച്ചുമാസത്തിൽ നടത്തണമെന്ന ആവശ്യം പ്രാബല്യത്തിൽ വരുത്തുന്നതിന് ഗവൺമെന്റ് എല്ലാ പരിശ്രമങ്ങളും നടത്തുന്നതാണ്.

(15) മണൽ വാരൽ

ശ്രീ. ടി.പി. കുഞ്ഞുണ്ണി : പാലക്കാട് ജില്ലയിലെ അംഗീകൃത കടവുകളിൽനിന്ന് മണലെടുക്കുന്നതിന് പാസ് കൊടുക്കുന്നതിനുള്ള അനുവാദം വില്ലേജ് ആഫീസർക്കോ പഞ്ചായത്തിനോ തിരിച്ചുനൽകി തൊഴിലാളികളുടെ തൊഴിൽനഷ്ടവും സാമ്പത്തിക നഷ്ടവും പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ) : പാലക്കാട് ജില്ലയിലെ അംഗീകൃത കടവുകളിൽനിന്ന് നിശ്ചയിക്കപ്പെട്ടിട്ടുള്ള അളവനുസരിച്ച് മണൽ വാരുന്നതിനുള്ള അനുവാദം നൽകുന്ന നടപടി താലൂക്ക് ആഫീസിലേയ്ക്കും കളക്ടറേറ്റിലേയ്ക്കും മാറ്റാൻ തീരുമാനിച്ചു. അനധികൃത മണൽവാരൽ നിയന്ത്രിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ സംവിധാനം ഏർപ്പെടുത്തിയത്. അതനുസരിച്ച് യഥാർത്ഥ ആവശ്യങ്ങൾക്കുള്ള മണലിന് പാസ് നൽകുന്നുണ്ട്. ഈ സംവിധാനംമൂലം കൂടുതൽ സാമ്പത്തികലാഭം ഉണ്ടാകുന്നുണ്ടെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ നടപടിമൂലം തൊഴിലാളികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

(16) തടിപോസ്റ്റുകൾ മാറ്റേണ്ടതിന്റെ ആവശ്യകത

ശ്രീ. തോമസ് ചാണ്ടി : കുട്ടനാട്ടിലും ഹൗസ് ബോട്ടുകൾക്ക് സുഗമമായി സഞ്ചരിക്കുന്നതിന് പമ്പാ-അച്ചൻകോവിൽ ആറുകൾക്ക് കുറുകേയും

കോൺക്രീറ്റ് വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : കുട്ടനാട്ടിൽ പഴയ ഇലക്ട്രിക് തടി പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുന്ന നടപടി ഘട്ടംഘട്ടമായി നടന്നുവരുന്നു. കോൺക്രീറ്റ് പോസ്റ്റുകൾ കായലിൽ പിടിപ്പിക്കുന്ന പണി വളരെ ദുഷ്കര മാണ്. തടിപോസ്റ്റുകൾ മറിഞ്ഞതിന്റെ ഫലമായി കമ്പികൾ താഴ്ന്ന് ഹൗസ്ബോട്ടുകളിൽ തട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തുട നീളമുള്ള പഴയ പോസ്റ്റുകളെല്ലാം മാറ്റി സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കു ന്നത്. അലൂമിനിയം കണ്ടക്ടറുകൾക്കു പകരം കൂടുതൽ ബലമുള്ള റീ-എൻഫോഴ്സ്ഡ് അലൂമിനിയം കണ്ടക്ടർ സ്ഥാപിക്കുന്ന പദ്ധതി 2012-ഓടെ പൂർത്തിയാകുന്നതാണ്.

(17) സ്പെഷ്യൽ ബ്രാഞ്ചിലെ നിയമനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : കേരളാ പോലീസിലെ സ്പെഷ്യൽ ബ്രാഞ്ചിലെ അസിസ്റ്റന്റ് നിയമന പരീക്ഷ നിഷ്പക്ഷവും സ്വത ന്ത്രവുമായി നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പി.എസ്.സി.യെ മറികടന്നുകൊണ്ട് കേരളാ പോലീസിലെ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗത്തിലെ അസിസ്റ്റന്റ് നിയമനത്തിനുള്ള പരീക്ഷ നടത്തിയെന്നുപറയുന്നത് വസ്തുതാവിരുദ്ധമാണ്. മിനിസ്റ്റീരിയിൽ ജീവനക്കാ രുടെ നിയമനം പി.എസ്.സി.യുടെ പരിധിക്ക് പുറത്താണെന്ന് ഉത്തരവ് പുറ പ്പെടുവിച്ചിട്ടുള്ളതാണ്. പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് ഗവൺമെന്റിന് വിരോധമില്ല. പി.എസ്.സി. വഴി നടത്തിയാൽ ഇന്റർ

ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫർ കൊടുക്കണമെന്നുള്ള പ്രശ്നമുണ്ടാകും. ഇക്കാര്യം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(18) കൊയിലാണ്ടിയിലെ ഹർത്താൽ

ശ്രീ. പി. വിശ്വൻ: ഇന്ന് ഹർത്താലാചരിക്കുന്ന കൊയിലാണ്ടി പ്രദേശത്തെ സാമൂഹ്യവിരുദ്ധരുടെ അക്രമം അവസാനിപ്പിക്കുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 1-12-08-ന് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ ഐ.യു.എം.എൽ.-ന്റെ ജില്ലാകമ്മിറ്റി ജാഥയുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നത്തിൽ പ്രതിഷേധിച്ച് ഐ.യു.എം.എൽ. പ്രവർത്തകർ എൻ.എച്ച്. ഉപരോധിച്ചതിനെത്തുടർന്ന് നിരവധി വാഹനങ്ങൾക്ക് നാശനഷ്ടം സംഭവിക്കുകയും പോലീസിനുനേരെ ആക്രമണം നടത്തുകയും ചെയ്തു. പരിക്കുപറ്റിയവരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അക്രമ പ്രവർത്തനത്തിനെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കൊയിലാണ്ടിയിൽ ഇന്ന് ഹർത്താൽ ആചരിക്കുകയാണ്. സ്ഥിതിഗതികൾ നേരിടാൻ ശക്തമായ പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സ്**

തട്ടേക്കാട് ബോട്ടപകടത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റീസ് എം.എം. പരീതുപിള്ള കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ ഗവൺമെന്റ് എടുത്ത

നടപടികളെ സംബന്ധിച്ചുള്ള മെമ്മോറാണ്ടവും ജലവിഭവവകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം.**

മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2008-2009 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2008-2009 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേയ്ക്കുള്ള 34.66 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. കെ.സി. വേണുഗോപാൽ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സമസ്ത മേഖലയിലും പരാജയപ്പെട്ട ഒരു സർക്കാരാണിത്. ഭീകരവാദികളുടെ ആക്രമണത്തിന് ഇരയായ മലയാളികൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. വൈദ്യുതിച്ചാർജ്, വെള്ളക്കരം എന്നിവ വർദ്ധിപ്പിച്ചു. വൈദ്യുതിയുടെ കാര്യത്തിൽ യു.ഡി.എഫ്. സർക്കാർ ഏർപ്പെടുത്തിയ 20 ശതമാനം സബ്സിഡി എടുത്തുകളഞ്ഞു. പാൽവില ക്രമാതീതമായി ഉയർത്തി. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള അരി വിതരണത്തിൽ ക്രമക്കേട് നടത്തി. വിദ്യാഭ്യാസ മേഖലയിൽ തികഞ്ഞ അരാജകത്വമാണ് നടമാടുന്നത്. പ്രൈമറി സ്ക്കൂളുകളിൽ പാഠപുസ്തകങ്ങൾ ഇതുവരെ വിതരണം ചെയ്തിട്ടില്ല. ഏകജാലക സമ്പ്രദായം നടപ്പാക്കിയതി

നെ ത്തുടർന്ന് ഹയർ സെക്കന്ററിയിൽ 20 ശതമാനം സീറ്റ് വേക്കന്റായി കിടക്കുന്നു. കെ.ഇ.ആർ. അനുസരിച്ച് പരീക്ഷ നടത്താൻ അധികാരപ്പെട്ട ഹെഡ് ഓഫ് ദി ഇൻസ്റ്റിറ്റ്യൂഷന് പരീക്ഷ നടത്തിയാൽ ഭീഷണിയെ നേരിടേണ്ടി വരുന്നു. ലോകായുക്ത വിധിയിലൂടെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ഗ്രേഡ് - II നിയമനങ്ങളിലെ അഴിമതി വെളിച്ചത്തുവന്നിരിക്കുക യാണ്. ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ യൂണിവേഴ്സി റ്റിക്കെതിരെ സിൻഡിക്കേറ്റ് കൊടുത്ത കേസിൽ വാദിക്കും പ്രതിക്കും വേണ്ടി സർക്കാർ പണമാണ് ചെലഴിക്കപ്പെടുന്നത്. മൂന്നാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കൽ സർക്കാറിന്റെ ഒരു അപഹാസ്യ നാടകമായി മാറി. ഭൂമി മാഫിയയ്ക്ക് ഗവൺമെന്റ് ഒത്താശ ചെയ്തുകൊടുക്കുകയാണ്. ഭൂമി കയ്യേറ്റ വുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമന്ത്രി സസ്പെന്റ് ചെയ്ത ഉദ്യോഗ സ്ഥനെ മുഖ്യമന്ത്രി തിരിച്ചെടുത്തു. മുഖ്യമന്ത്രിയും മന്ത്രിമാരും ചേരിതിരിഞ്ഞു പ്രവർത്തിക്കുന്ന പരസ്പര വൈരുദ്ധ്യവും, കെടുകാര്യസ്ഥ തയും കഴിവുകേടും നിറഞ്ഞ, കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഒരു സർക്കാ രാണിത്. പട്ടികജാതിയിൽപ്പെട്ട 217 കർഷകത്തൊഴിലാളികൾക്ക് പതിച്ചു നൽകിയ മിച്ചഭൂമി ടൂറിസം മാഫിയയ്ക്ക് വിറ്റ സഹകരണസംഘത്തെ പിരിച്ചു വിട്ടുവെങ്കിലും പ്രസ്തുത ഭൂമി അവർക്ക് തിരിച്ചു നൽകിയില്ല; ഇതു സംബന്ധിച്ച വിജിലൻസ് അന്വേഷണം എങ്ങും എത്തിയില്ല. സാഹിത്യ കാരന്മാരുടെ ആവിഷ്ക്കാര സ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന അവസ്ഥ നില നിൽക്കുന്നു. ഇങ്ങനെ സമസ്ത മേഖലകളിലും പരാജയപ്പെട്ട ഈ ഭരണ ത്തിൽ നിന്നും ജനങ്ങൾ മോചനം ആഗ്രഹിക്കുകയാണ്. രാജ്യം സംരക്ഷി

ക്കുന്ന സൈനികന്റെ മരണാനന്തര ചടങ്ങിൽ സർക്കാർ പ്രതിനിധി പങ്കെടുക്കാതിരുന്നത് ലജ്ജാകരമാണ്.

ശ്രീ. പി. ജയരാജൻ : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കണ്ടിൻജൻസി ഫണ്ടിലേയ്ക്കുള്ള 34.66 കോടി രൂപയും നിയമസഭയിലെ മുൻ അംഗങ്ങൾക്ക് ട്രാൻസിറ്റ് കൂപ്പൺ അനുവദിച്ച സാഹചര്യത്തിൽ അതിനുള്ള ഗ്രാന്റും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ആന്റ് സയൻസ് ടെക്നോളജിയുടെ സ്ഥലത്തിനുള്ള കോമ്പൻസേഷന്റെ തുകയും തിരുവനന്തപുരം അന്താരാഷ്ട്ര എയർപോർട്ടിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്യാനുള്ള തുകയും അടക്കമുള്ള ഈ സപ്ലിമെന്ററി ഗ്രാന്റിനെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വാദിക്കുന്ന പ്രതിപക്ഷത്തിന് എതിർക്കാൻ കഴിയന്നൂവെന്നത് വിരോധാഭാസമാണ്. ധനകാര്യ വകുപ്പ് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. യു. ഡി. എഫ്. ഗവൺമെന്റ് ക്ഷേമനിധികളുടെ പ്രവർത്തനം മരവിപ്പിച്ചതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും വിറ്റഴിക്കുന്നതിനുമുള്ള ശ്രമമാണ് നടത്തിയതെങ്കിൽ ഈ ഗവൺമെന്റ് കാര്യക്ഷമത വർദ്ധിപ്പിച്ചും ചെലവ് നിയന്ത്രിച്ചും റവന്യൂ കമ്മി ഇല്ലാതാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി വിൽപ്പന നികുതിയിൽ ഗണ്യമായ വർദ്ധനവുണ്ടായി. ടാക്സ് കളക്ഷനിൽ ചിട്ടയായും ശാസ്ത്രീയവുമായ നടപടികൾ കൈക്കൊണ്ടതിന്റെ ഫലമായി കഴിഞ്ഞ രണ്ടുവർഷം റവന്യൂ വരുമാനത്തിൽ 20 ശതമാനം കണ്ട് വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് തുടരുകയാണെങ്കിൽ 2010-ഓടുകൂടി റവന്യൂ കമ്മി ഇല്ലാതാക്കാൻ കഴിയും. സംസ്ഥാനത്ത് നികുതി വെട്ടിപ്പും നികുതി ചോർച്ചയും തടയാൻ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

വാറ്റിലും വാറ്റിതര നികുതിയിലും വലിയ തോതിലുള്ള വർദ്ധനവുമുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് നികുതി വരുമാനം പരമാവധി വർദ്ധിപ്പിക്കാനുള്ള ശ്രമത്തിലാണ്. ചെക്ക്പോസ്റ്റുകൾ അഴിമതി വിമുക്തമാക്കാനുള്ള നടപടി സ്വീകരിച്ചു. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ പ്രതിസന്ധി തരണം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് ആഗോള-ഉദാരവൽക്കരണ നയങ്ങളിൽ മാറ്റം വരുത്തുകയും പെട്രോളിന്റെയും ഡീസലിന്റെയും വില കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ടൂറിസം, കയറ്റുമതി തുടങ്ങിയ വിവിധ മേഖലകളിൽ മാന്ദ്യമുണ്ടായിരിക്കുകയാണ്. മുംബൈ ഭീകരാക്രമണത്തിൽ രക്തസാക്ഷിത്വം വരിച്ച എല്ലാവർക്കും കേരള നിയമസഭയും സംസ്ഥാന ഗവൺമെന്റും ആദരാഞ്ജലികൾ അർപ്പിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് ഭീകര പ്രവർത്തനം തടയുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. ഭീകര പ്രവർത്തനം, ഭീകരാക്രമണം എന്നിവ നേരിടുന്നതിന് ഇന്റലിജൻസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. അമേരിക്ക ലോകത്ത് നടത്തിയിട്ടുള്ള നിഷ്ഠൂര കൃത്യങ്ങളും അമേരിക്കയുമായിട്ടുള്ള ഇൻഡ്യാ ഗവൺമെന്റിന്റെ സഖ്യവും ഭീകരാക്രമണത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു എന്നത് കണക്കിലെടുത്ത് അത്തരം സമീപനങ്ങൾ തിരുത്തി ഭീകരാക്രമണം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റ് മുപ്പത്തിരണ്ടായിരത്തിൽപ്പരം കോടി രൂപയുടെ പദ്ധതികൾ അനുവദിച്ചിട്ടും അത് ഫലപ്രദമായി വിനിയോഗിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. മദ്യവിൽപ്പന ഉദാരമാക്കുകയും മദ്യ ഷാപ്പു

കൾക്കുള്ള ലൈസൻസ് നൽകാൻ പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം പിൻവലിക്കുകയും ചെയ്തു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം കാരണം ജനങ്ങൾ പൊറുതിമുട്ടുകയാണ്. മാസവാടകയേക്കാൾ വലിയ തുക വീടിന് നികുതിയായി നൽകേണ്ട അവസ്ഥയാണിന്നുള്ളത്. ഇലക്ട്രിസിറ്റി ചാർജിലും വർദ്ധനവുണ്ടായിട്ടുണ്ട്. സ്ക്കൂളുകളിൽ ഉച്ചക്ക ഞ്ഞിക്കായി നൽകിയ അരി മാവേലി സ്റ്റോർ വഴി വിറ്റഴിച്ചു. സ്മാർട്ട് സിറ്റി യുടെ പ്രവർത്തനവും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്ത നവും വല്ലാർപാടം കണ്ടെയിനർ ടെർമിനലിന്റെ പ്രവർത്തനവും പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിയുടെ പ്രവർത്തനവും തടസ്സപ്പെട്ടിരിക്കുകയാണ്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി 40 സ്ക്വയർ മീറ്ററിലധികമാകാൻ പാടില്ലെന്ന് നിബന്ധന നൽകിയിരിക്കുന്നു. വെള്ളക്കരത്തിന് പല സ്ഥലത്തും അധിക ബില്ലാണ് നൽകിയിരിക്കുന്നത്. സംസ്ഥാനത്ത് കസ്റ്റഡി മരണവും ഭവനഭേദനവും മോഷണവും സ്ത്രീ പീഡനവുമെല്ലാം വർദ്ധിച്ചിരിക്കുകയാണ്. ഉദ്യോഗ സംവരണത്തിന് 50:50 എന്ന റേഷ്യോ പാലിക്കണമെന്ന് പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടും അത് നടപ്പിലാക്കണമെന്നോ സുപ്രീംകോടതിയിൽ അപ്പീൽ പോകണമെന്നോ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടില്ല. ആരോഗ്യരംഗത്ത് സാംക്രമിക രോഗ ങ്ങൾ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്നു. മൂന്നാറിൽ പിടിച്ചെടുത്ത ഭൂമിയെക്കുറിച്ച് ഒരു ധവളപത്രം ഇറക്കാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീമതി ഇ.എസ് ബിജിമോൾ</u>: ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.. ലോകം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കാലഘട്ടത്തിൽ കേരളത്തെ സാമ്പത്തിക പ്രതിസന്ധി

ബാധിക്കുകയില്ല എന്നുപറയാൻ അവസരമുണ്ടായത് പൊതുമേഖലാ സ്ഥാപനങ്ങൾ നൽകിയ ഉറപ്പാണ്. പ്രതിവർഷം 17 ശതമാനം വളർച്ച കൈവരിച്ചും റവന്യൂ ചെലവ് 9 ശതമാനമാക്കി നിയന്ത്രിച്ചും 2011-ഓടെ റവന്യൂക്കമ്മി ഇല്ലാതാക്കുന്നതിനുള്ള ശ്രമം ധനകാര്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്. നികുതി പിരിവിൽ ചിട്ടയും ശാസ്ത്രീയവുമായ സമീപനം കൈവരിച്ചതിന്റെ ഫലമായിട്ടാണ് റവന്യൂക്കമ്മി ഇല്ലാതാക്കി വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ കഴിയുന്നത്. വിവിധ പദ്ധതികൾക്കായി 1,000 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ചെലവുകൾക്ക് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. ധനകാര്യ വർഷത്തിന്റെ അവസാനം പദ്ധതിച്ചെലവ് വിലയിരുത്തുന്നതിനു പകരമായി ഓരോ പാതയിലും കൈവരിക്കേണ്ട പദ്ധതിച്ചെലവ് നിർണ്ണയിച്ച് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയതുകൊണ്ട് പദ്ധതിച്ചെലവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ടെന്റർ എക്സസ്സ് ഒഴിവാക്കിയും പി.ഡബ്ല്യു.ഡി. നിരക്ക് പുതുക്കിയും കരാറുകാർക്ക് കുടിശ്ശികയുണ്ടായിരുന്ന 1600 കോടി രൂപ നൽകിയും മരാമത്ത് പണികളിൽ മത്സരാധിഷ്ഠിത ടെന്റർ ഉറപ്പു വരുത്തുകയും ചെയ്തതുവഴി കോടിക്കണക്കിന് രൂപയുടെ ലാഭം ഖജനാവിന് ഉണ്ടായിട്ടുണ്ട്. അംഗനവാടി ജീവനക്കാർക്ക് പുതിയ പെൻഷൻ പദ്ധതിക്ക് രൂപം നൽകിയത് സ്ത്രീകളോടുള്ള പരിഗണനയാണ്. കയർ മേഖലയുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും പുനരുദ്ധാരണത്തിനാവശ്യമായ തുക മാറ്റിവച്ചത് സ്വാഗതാർഹമാണ്. അതുപോലെ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫണ്ട് നൽകുന്നതിനും തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തയ്യാറാകണം.

കാർഷിക സർവ്വകലാശാലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ഉന്നതതല യോഗം വിളിച്ചു ചേർക്കണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൃഷി വകുപ്പിൽ 50 ശതമാനം കേന്ദ്ര സഹായത്തോടും 10 ശതമാനം സംസ്ഥാന സഹായത്തോടും നടപ്പാക്കേണ്ട പദ്ധതികളിൽ ഒന്നിനുപോലും പൈസ ചെലവഴിച്ചിട്ടില്ല. കയ്യിൽ കിട്ടിയ രൂപ ചെലവഴിക്കാൻ സാധിക്കാത്ത ഗവൺമെന്റിന് വീണ്ടും തുക അനുവദിച്ചു നൽകേണ്ട കാര്യമില്ല. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്നു; ക്രമസമാധാനം തകർന്നിരിക്കുന്നു; ആരോഗ്യ രംഗം തകർന്നു തരിപ്പണമായിരിക്കുന്നു; വിദ്യാഭ്യാസ മേഖല കുളംതോണ്ടി യിരിക്കുന്നു. ജനങ്ങൾക്ക് അനുകൂലമായി പ്രവർത്തിക്കാൻ കഴിയാത്ത ഗവൺമെന്റ് എല്ലാ രംഗങ്ങളിലും പരാജയപ്പെട്ടിരിക്കുന്നു. അന്യസംസ്ഥാന ലോട്ടറിക്കാർക്ക് എല്ലാ തരത്തിലുമുള്ള സഹായവും ചെയ്തുകൊടുത്തു. വാക്കും പ്രവർത്തിയും തമ്മിൽ ബന്ധമില്ലാത്ത ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോവിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കി ധനസ്ഥിതി മെച്ചപ്പെടുത്തുന്ന രീതിയിൽ ഗവൺമെന്റ് മുന്നോട്ടുപോകുന്നു. പുരോഗമനപരമായ പ്രവർത്തനങ്ങളുമായി എല്ലാവിഭാഗം ജനങ്ങൾക്കും നീതി ലഭിക്കത്തക്ക തരത്തിൽ പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്നു. പൊതുമരാമത്ത് കരാറുകാർക്ക് 2008 9-ാം മാസം വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തു. ഏകദേശം 25 ശതമാനം വരെ കുറച്ച് കരാറുകാർ ക്വാട്ട് ചെയ്തതിന്റെ ഫലമായി 740

കോടിയോളം രൂപ ഒരു വർഷം ഖജനാവിലേയ്ക്ക് ലാഭമുണ്ടാക്കാൻ കഴിഞ്ഞു. ധനസ്ഥിതി മെച്ചപ്പെടുത്തി 2010 ആകുമ്പോൾ റവന്യൂക്കമ്മി സീറോ പോയിന്റിലേയ്ക്ക് എത്തിക്കാൻ സാധിക്കും. നിസാര കാര്യങ്ങൾ ഉയർത്തിക്കാട്ടി ഗവൺമെന്റിനെ വിമർശിക്കുന്ന നടപടിയിൽ നിന്ന് പ്രതിപക്ഷം പിന്തിരിയണം.

<u>ശ്രീ. എ.എ. അസീസ്:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിപക്ഷം സാമ്പത്തികരംഗം ആകെ തകരാറിലാണെന്നുപറഞ്ഞ് പുകപടലം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. വികസനപ്രവർത്തനങ്ങൾക്ക് മുടക്കം കൂടാതെയും സാമ്പത്തിക അച്ചടക്കത്തോടെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ധനകാര്യ മാനേജ്മെന്റാണ് സംസ്ഥാനത്തുള്ളത്. ഒരിക്കൽപ്പോലും ഖജനാവ് സ്തംഭിച്ചിട്ടില്ല. ക്രമസമാധാനരംഗത്തും സർവ്വകാല റിക്കോർഡാണ്. കർഷക കടാശ്വാസ നിയമവും മൽസ്യത്തൊഴിലാളി കടാശ്വാസ നിയമവും പാസ്സാക്കി മാതൃക സൃഷ്ടിക്കാൻ കേരളത്തിന് സാധിച്ചു. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിൽ നടന്നുവന്ന പകൽക്കൊള്ള അവസാനിപ്പിച്ചു. ജലവിതരണരംഗത്തുള്ള പരാതിക്ക് അദാലത്തുവഴി പരിഹാരമുണ്ടാക്കി. ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യമായി ജലവിതരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി. തലചായ്ക്കാനിടമില്ലാത്ത പാവങ്ങൾക്ക് വീടുകൾ വയ്ക്കുന്നതിനും വാസയോഗ്യമല്ലാത്ത വീടുകൾ നവീകരിക്കുന്നതിനും പദ്ധതികൾ നടപ്പാക്കി. മുസ്ലീം മതന്യൂനപക്ഷങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് ന്യൂനപക്ഷ സെൽ രൂപീകരിച്ചു. മദ്രസ്സാ അധ്യാപകർക്ക് വെൽഫെയർ സ്കീം നടപ്പാക്കി. അഴിമതിരഹിത ഭരണം

കാഴ്ചവച്ചു. മാതൃകാപരമായി ഭരണം നടത്തുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ധനമാനേജ്മെന്റ് അഭിനന്ദനാർഹമാണ്.

ശ്രീ. സി.എം. ദിനേശ് മണി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടര വർഷംകൊണ്ട് എല്ലാ മേഖലകളിലും പ്രത്യേകിച്ച് വിദ്യാഭ്യാസ മേഖലയിൽ എടുത്തുപറയത്തക്ക നേട്ടം കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്ക്കരണം, പാഠപുസ്തക പരിശോധനയ്ക്ക് വിദഗ്ദ്ധ സമിതിയെ നിയമിക്കുക, ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളിലുള്ള കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം വിതരണം ചെയ്യുക,. പുസ്തകഭാരം ലഘൂകരിച്ച് രണ്ട് ഭാഗങ്ങളാക്കുക, 200 ദിവസങ്ങളിൽ കുറയാതെ അദ്ധ്യയനം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുക, അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടാതെ അധ്യാപകരെ പരിശീലിപ്പിക്കുക തുടങ്ങിയ പദ്ധതികളൊക്കെ നടപ്പിലാക്കിയത് സ്വാഗതാർഹമാണ്. ഏകജാലക പ്രവേശനം വളരെ ഫലപ്രദമായി നടപ്പാക്കി ഹയർ സെക്കന്ററിക്ക് അപേക്ഷിച്ച മുഴുവൻ എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പ്രവേശനം നൽകി. ഇംഗ്ലീഷ് ഭാഷ ഒന്നാം ക്ലാസ്സ് മുതൽ മുകളിലോട്ട് എല്ലാ ക്ലാസ്സുകളിലും പഠിപ്പിക്കുക എന്നുള്ളത് ഉറപ്പുവരുത്തി. ഹയർ സെക്കന്ററി മേഖലയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെ ടുത്തി. ഹെഡ്മാസ്റ്റർമാരുടേയും എ.ഇ.ഒ. മാരുടേയും സ്ഥലംമാറ്റവും നിയമ നവും സുതാര്യമാക്കുകയും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. സാംസ്ക്കാരിക മേഖലയിലും ഉജ്ജ്വലനേട്ടം കൈവരിക്കാൻ സർക്കാരിന് സാധിച്ചു. മലയാള ഭാഷ പരിപോഷിപ്പിക്കാൻ വേണ്ടിയുള്ള ഒട്ടേറെ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചതും, ഭാഷയെ മുൻനിർത്തി ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനവും അഭിനന്ദനാർഹമാണ്.

മലയാള ഭാഷയെ എന്നപോലെ ഹിന്ദി ഭാഷയേയും പ്രോൽസാഹിപ്പിക്കണം. സർവ്വകലാശാലയുടെ തലപ്പത്ത് വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചി ട്ടുള്ള പ്രഗത്ഭരെ നിയമിച്ചു. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചു. സ്പോർട്ട്സ് രംഗം സജീവമാക്കുന്നതിനും, നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തന ത്തിന്റെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് കൊണ്ടു വരുന്നതിനും സാധിച്ചിട്ടുണ്ട്. തികഞ്ഞ ജാഗ്രതയോടെ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് കോട്ടം വരുത്താതെയുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോകത്താകമാനം പടർന്നുകൊണ്ടിരിക്കുന്ന ആഗോള സാമ്പത്തിക പ്രതിസ ന്ധിയുടെ പ്രത്യാഘാതങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്തെ സാമ്പത്തിക അച്ചടക്കത്തിലൂടെ മുന്നോട്ടു കൊണ്ടുപോകാനുള്ള സാഹചര്യം സൃഷ്ടിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ക്ഷേമ പെൻഷൻ കുടുശ്ശിക കളും കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശികയും കൊടുത്തു തീർക്കാൻ സാധിച്ചു. വാളയാറിലെ ചെക്ക്പോസ്റ്റ് പരിഷ്ക്കരണ പദ്ധതിയിലൂടെ സംസ്ഥാന ഖജനാവിന് കരുത്തുപകരുന്ന അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾക്ക് മാതൃക കാട്ടാൻ സാധിച്ചു. സോഷ്യൽ ആഡിറ്റിംഗ് സമ്പ്രദായം, ട്രഷറിയുടെ പ്രവർത്തനം എന്നിവ സുതാര്യമാക്കുന്നതിനും ഇട പാടുകാരും അധികൃതരും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആഭ്യന്തര വിഭവസമാഹരണം ഫലപ്രദ മായി പ്രയോജനപ്പെടുത്താൻ കഴിയണം. 2010 ആകുമ്പോൾ കേരളത്തെ

റവന്യൂക്കമ്മിയില്ലാത്ത സംസ്ഥാനമാക്കി മാറ്റാൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക രംഗം ലോകത്താകെ തകർന്നടിയുമ്പോഴും സംസ്ഥാനത്ത് റവന്യൂ വരുമാനം വർദ്ധിക്കുന്ന അവസ്ഥയാണുള്ളത്. ഇ.എം.എസ്. പാർപ്പിട പദ്ധതിയിലൂടെ സഹകരണബാങ്കുകൾവഴി ഓരോ പഞ്ചായത്തിനും വായ്പകൾ നൽകുകയും അതുവഴി വീടില്ലാത്തവർക്ക് വീട് നൽകുന്നതിനും ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും, എം.എൽ.എ. ഫണ്ട് കൃത്യമായി കൊടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയിരക്കണക്കിന് ഏക്കർ ഭൂമിയിൽ പുതിയതായി കൃഷിയിറക്കുകവഴി ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പിരഷ്ക്കരിച്ചത് മുടക്കം കൂടാതെ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള സാമൂഹ്യ ക്ഷേമ പെൻഷനുകൾ കൃത്യമായി കൊടുക്കുന്നതിന് നടപടി സ്വീകരിച്ചു. വിദഗ്ദ്ധവും സത്യസന്ധവുമായ ഒരു ധനകാര്യ മാനേജ്മെന്റാണ് സംസ്ഥാനത്ത് പ്രാവർത്തികമാക്കികൊണ്ടിരിക്കുന്നത്. ഇൻഡ്യൻ മാതൃക പിൻതുടർന്നുകൊണ്ട് ബ്രിട്ടണിൽ സ്വകാര്യ ബാങ്കുകൾ ദേശസാൽക്കരിക്കാൻ തീരുമാനിച്ചിരിക്കുകയാണ് ബാങ്കിംഗ് മേഖലയിൽ 75 ശതമാനവും ഇൻഷ്വറൻസ് മേഖലയിൽ 49 ശതമാനവും വിദേശ നിക്ഷേപം അനുവദിക്കാമെന്നുള്ളതാണ് യു.പി.എ. സർക്കാരിന്റെ നയം. അത് പാടില്ലെന്നാണ് ഇടതുപക്ഷം നിഷ്കർഷിച്ചത്. ആർ.എസ്.എസ്.-കാർ രാജ്യവ്യാപകമായി നടത്തുന്ന ന്യൂനപക്ഷ വേട്ടയ്ക്കെതിരായി പ്രതിപക്ഷം മൗനം ദീക്ഷിക്കുന്നത് ഉചിതമല്ല.

<u>ശ്രീ. കെ. കെ. ഷാജു:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കാൻ ഈ ഗവൺമെന്റ് സ്വീകരിച്ച നിലപാട് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതല്ല. വൈദ്യുതി, കുടിവെള്ളം, യാത്രാ ചർജ്ജുകൾ വർദ്ധിപ്പിച്ചു. ഭീകരവാദികൾക്ക് പരിശീലനം നൽകുന്ന സുരക്ഷിത കേന്ദ്രമാണ് കേരളമെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. സാധനവില വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. എല്ലാ രംഗങ്ങളിലും ഈ ഗവൺമെന്റിന് പരാജയം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീമതി കെ.എസ്. സലീഖ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടരവർഷത്തെ ഗവൺമെന്റിന്റെ പ്രവർത്തനത്തെക്കുറിച്ച് പ്രതിപക്ഷത്തിന് ഒന്നും പറയാനില്ല. ധനകാര്യമന്ത്രിയുടെ ക്രിയാത്മകമായ ധനകാര്യ മാനേജുമെന്റ് കൊണ്ടാണ് അതിന് സാധിച്ചത്. ഇൻഡ്യയിൽ ആദ്യമായി ഒരു സംസ്ഥാനത്ത് പൗരാവകാശ രേഖ നടപ്പിലാക്കുകയും സോഷ്യൽ ആഡിറ്റ് സംവിധാനം കൊണ്ടുവരികയും ചെയ്തതുവഴി ജീവനക്കാരും സേവന ഉപഭോക്താക്കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ജനോപകാരപ്രദവും ദൃഢവുമാക്കാൻ ധനകാര്യവകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ട്രഷറികളിൽ ടെല്ലർ കൗണ്ടർ, ക്യൂ മാനേജുമെന്റ് സിസ്റ്റം, പെൻഷൻകാർക്ക് വിശ്രമിക്കാനുള്ള അടിസ്ഥാനസൗകര്യം എന്നിവ ഏർപ്പെടുത്തി. ആഗോളതലത്തിലുള്ള സാമ്പത്തികത്തകർച്ച കേരളത്തിലെ നികുതി വരുമാനത്തെ ഒരുതരത്തിലും ബാധിച്ചിട്ടില്ല. നികുതിവരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത് ധനകാര്യ മാനേജുമെന്റിന്റെ കാര്യക്ഷമതകൊണ്ടാണ്. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള വായ്പയ്ക്കുപോലും അനുവാദം നൽകാത്ത കേന്ദ്ര

ഗവൺമെന്റിന്റെ നടപടി പ്രതിഷേധാർഹമാണ്. സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യ സുരക്ഷിതത്വ നടപടികൾ ശക്തമാക്കേണ്ടതുണ്ട്. ട്രഷറികൾ നേരിട്ട് നിക്ഷേപം സ്വീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. കേരളത്തിൽ കയറ്റുമതി കുറയുന്നത് കയർ, കൈത്തറി, കശുവണ്ടി മേഖലകളിലെ തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അനധികൃത പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കണം. ഇന്നുള്ള കേന്ദ്ര- സംസ്ഥാന ബന്ധങ്ങളിൽ ഒരു അഴിച്ചുപണി അനിവാര്യമാണ്. ആഗോളതലത്തിൽ ക്രൂഡ് ഓയിലിന് വിലക്കുറവുണ്ടായിട്ടും ഡീസലിന്റേയും പെട്രോളിന്റേയും വിലകുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല. കേന്ദ്രപൂളിൽനിന്ന് ലഭിച്ചിരുന്ന വൈദ്യുതി 736 മെഗാവാട്ടായി ചുരുക്കിയിരിക്കുകയാണ്. മുസ്ലീം വിഭാഗത്തിലെ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതും മദ്രസ അദ്ധ്യാപകർക്കുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളും കണ്ടില്ലെന്ന് നടിക്കരുത്. സംസ്ഥാനത്തെ മഞ്ചേശ്വരം, മുത്തങ്ങ, തെന്മല ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. അഴിമതിരഹിത വാളയാർ ചെക്ക്പോസ്റ്റ് പരിഷ്ക്കരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള ക്ലീൻ ഗ്യാപ്പ് പദ്ധതി എത്രയുംവേഗം നടപ്പിലാക്കണം. കരാറുകാർക്ക് കൊടുക്കേണ്ട 21 മാസത്തെ കുടിശ്ശികയിൽ ഏറെക്കുറെ കൊടുത്തുതീർക്കാൻ കഴിഞ്ഞുവെന്നത് ചരിത്രനേട്ടമാണ്.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തികമേഖല എങ്ങനെ മെച്ചപ്പെടുത്താൻ കഴിയും

എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് സർക്കാരിന്റെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ. കഴിഞ്ഞ രണ്ടരക്കൊല്ലമായി ട്രഷറി ഒരു ദിവസംപോലും അടച്ചുപൂട്ടിയിട്ടില്ല. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ 25 വർഷം കൊണ്ടു ചെയ്യാവുന്ന വികസനപ്രവർത്തനങ്ങൾ കഴിഞ്ഞ രണ്ടുകൊല്ലം കൊണ്ട് ചെയ്യാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഇൻഡ്യൻ സാമ്പത്തിക മേഖലയിലെ 40 ശതമാനം ജോലിയും ആഗോള ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റേതാണ്. ഐ.ടി. മേഖലയിൽ വലിയ പ്രശ്നം ഉണ്ടാകാൻ പോകുകയാണ്. കയറ്റുമതി കുറയുകയും ഇറക്കുമതി വർദ്ധിക്കുകയും ചെയ്തു. ട്രേഡ് ഡെഫിസിറ്റ് ഒരു വർഷം 90 ബില്ല്യനായിരുന്നത് 200 ബില്ല്യ നാകാൻ പോകുന്നു. ജനങ്ങൾക്ക് പർച്ചേസിങ് പവർ കൊടുക്കണം. ഐ.ടി. കമ്പനികളിൽ പണി ഇല്ലെങ്കിൽ സർക്കാർ വകുപ്പുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്ന പണി അവർക്ക് കൊടുക്കുന്നത് നന്നായിരിക്കും. സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകണം.

ശ്രീ. പി. വിശ്വൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ ധനകാര്യ മാനേജുമെന്റ് ജനങ്ങളിൽ ശുഭാപ്തിവിശ്വാസം ഉണ്ടാക്കിയിട്ടുണ്ട്. ഓരോ കേരളീയന്റേയും ഭൗതിക വളർച്ച ഉറപ്പുവരുത്താൻ ഉതകുന്ന രൂപത്തിലുള്ള സർക്കാരിന്റെ പ്രവർത്തനം കേരളീയ സമൂഹത്തിന് ഒരിക്കലും മറക്കാൻ കഴിയുകയില്ല. മത്സ്യത്തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ ഉൾപ്പെടെ അവരുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുവേണ്ടിയുള്ള സർക്കാരിന്റെ ഇടപെടലുകൾ ഉജ്ജ്വലമാണ്. ഈ സർക്കാർ വന്നതിനു ശേഷം ട്രഷറി ഒരു ദിവസംപോലും അടച്ചു പൂട്ടിയിട്ടില്ല പുതിയ ട്രഷറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

സ്വാഗതാർഹമാണ്. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റ് ഇന്ത്യയിലെ ഓരോ സ്റ്റേറ്റിനെയും പരിശോധിച്ചുകൊണ്ടുള്ളതല്ല. ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുള്ള ശക്തികൾക്കെതിരെ പോരാടുന്നതിനായി ബഹുജന മുന്നേറ്റമുണ്ടാകണം.

ശ്രീ. വി. ഡി. സതീശൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് ഉപധനാഭ്യർത്ഥനകൾ ചർച്ച ചെയ്യാനിരിക്കെ സഭയ്ക്ക് പുറത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പത്രസമ്മേളനം നടത്തിയത് ശരിയല്ല. ആഗോള സാമ്പത്തിക മാന്ദ്യം ഇന്ത്യയെ ബാധിക്കുമെന്നും ഇന്ത്യൻ സമ്പദ്ഘടന തകർന്ന് തരിപ്പണമാകുമെന്നും ഇടതുപക്ഷനേതാക്കൾ ദേശീയ വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ നിഷ്ക്രിയത്വവും കെടുകാര്യസ്ഥതയുംകൊണ്ട് നഷ്ടം വരുത്തിയ ചില പദ്ധതികൾ പൂർത്തിയാക്കുന്നതിന് ആയിരംകോടി രൂപയുടെ കേന്ദ്രസഹായം ലഭിക്കണമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്താണ് ഈ സഹായം ചോദിച്ചിരിക്കുന്നത്. നികുതി വരുമാനം 30 ശതമാനം വർദ്ധിച്ചിരിക്കുന്നുവെന്ന ധനമന്ത്രിയുടെ വാദം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. സംസ്ഥാനത്തെ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ഉന്നയിച്ച അടിയന്തിര പ്രമേയത്തിന് വ്യക്തമായ മറുപടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയിൽനിന്നും ഉണ്ടായില്ല. അവിടെ മരുന്നു ഇടപാടുകളിൽ വലിയ ക്രമക്കേടുകളാണ് നടന്നിരിക്കുന്നത്. ടെണ്ടറിൽ ഏറ്റവും കുറച്ച് വില നിർദ്ദേശിച്ച കമ്പനികളെ ഒഴിവാക്കി അതിന്റെ മൂന്നും നാലും ഇരട്ടി വില നിർദ്ദേശിച്ച കമ്പനികൾക്കാണ് ഓർഡർ നൽകിയത്.

സംസ്ഥാന മെഡിക്കൽ സർവീസ് കോർപ്പറേഷൻ എല്ലാ നിയമങ്ങളേയും ചട്ടങ്ങളേയും ടെണ്ടർ നടപടികളേയും കാറ്റിൽപറത്തിക്കൊണ്ട് ആഗോള കുത്തക മരുന്നു കമ്പനികൾക്ക് മരുന്ന് വാങ്ങാനുള്ള ഉത്തരവ് കൊടുത്തിരിക്കുകയാണ്. ഈ മരുന്നുകളെല്ലാം ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കേണ്ടതുണ്ട്. ലേബൽ ചുരണ്ടിക്കളഞ്ഞ് ഫാൾസ് നമ്പർ ഇട്ട് പരിശോധിക്കപ്പെടേണ്ട മരുന്നു സാമ്പിളുകൾ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് നൽകിയ റിപ്പോർട്ടിൽ മരുന്നു കമ്പനിയുടെ പേരുകൂടി വന്നിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് തിരുത്തുകയും അതിന്റെ രഹസ്യ സ്വഭാവം നഷ്ടപ്പെടുത്തുകയും വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ അനുവദിക്കുകയും ഗുണനിലവാര പരിശോധന നടത്താതെ മരുന്നുകൾ വിതരണം നടത്തുകയും "ജോൺസൺ ആന്റ് ജോൺസൺ‘‘ എന്നുപറയുന്ന ആഗോള കുത്തക മരുന്നു കമ്പനിക്ക് സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നിയമവിരുദ്ധമായി മരുന്നു വാങ്ങാനുള്ള ഉത്തരവ് കൊടുത്തതും സംബന്ധിച്ച് അന്വേഷണം നടത്തണം.

<u>ശ്രീ. കെ.പി. മോഹനൻ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഗോളതലത്തിൽ സമ്പദ്ഘടന വൻതകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുമ്പോൾ ശക്തമായ ധനകാര്യമാനേജുമെന്റിലൂടെയും ഇടപെടലിലൂടെയും വാണിജ്യനികുതി വരുമാനം വർദ്ധിപ്പിച്ച് റവന്യൂ കമ്മി കുറച്ചു കൊണ്ടുവരാനുതകുന്ന നടപടികളുമായി മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റാണിത്. സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ വിഭവസമാഹരണം ശക്തിപ്പെടുത്തുകയും ഭക്ഷ്യസുരക്ഷാരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുകയും വേണം. കാർഷികമേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി

സഹകരണമേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ജില്ലാബാങ്കുകൾ മുഖേന കർഷകർക്ക് പലിശരഹിത വായ്പകൾ നൽകുമെന്നുള്ള തീരുമാനം സ്വാഗതാർഹമാണ്. കാർഷികമേഖലയുടെ ഉന്നമനത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽ കൂടുതൽ തുക അനുവദിക്കണം. പുഴകളും തോടുകളും സംരക്ഷിക്കപ്പെടുകയും ഈ മേഖലയ്ക്ക് കൂടുതൽ തുക അനുവദിക്കുകയും വേണം. വാട്ടർ പമ്പുകൾ പ്രവർത്തിപ്പിക്കാൻ വൈദ്യുതി ചാർജ്ജിൽ ഇളവ് അനുവദിക്കണം. പണം അടയ്ക്കാത്തതുമൂലം കൃഷി ഭവനുകളിലെ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന നടപടി അവസാനിപ്പിക്കണം. കാർഷികമേഖലയുടെ വളർച്ചയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം. കർഷക കടാശ്വാസ കമ്മിഷൻ കാര്യക്ഷമമായി പ്രവർത്തിച്ചതിന്റെ ഫലമായി കർഷക ആത്മഹത്യകൾക്ക് ഒരളവുവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കണം. വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്താൻ നടപടി സ്വീകരിക്കണം. ആരോഗ്യരംഗത്ത് അഭൂതപൂർവ്വമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞ മൂന്നുവർഷക്കാലംകൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ബാബുപോൾ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോകം ഇന്ന് ഏറ്റവും വലിയ സാമ്പത്തിക തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അമേരിക്കയുടെ സാമ്പത്തിക അടിത്തറ തകർന്നതിന്റെ പ്രതിഫലനങ്ങൾ ഇന്ത്യയിലടക്കം ലോകത്തിന്റെ പല ഭാഗങ്ങളിലും കാണാൻ സാധിക്കുന്നുണ്ട്. ഇന്ത്യയുടെ ബാങ്കിംഗ് മേഖല തകരാതെ സംരക്ഷിക്കാൻ സഹായിച്ചത് പൊതുമേഖലാ സ്ഥാപനങ്ങളാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച്

ഇന്ത്യയുടെ കയറ്റുമതി രംഗത്ത് വൻതോതിൽ ഇടിവുണ്ടായിരിക്കുകയാണ്. ടെക്സ്റ്റയിൽ രംഗത്തും പരമ്പരാഗത വ്യവസായ രംഗത്തും ഐ.ടി. മേഖലയിലും വൻതോതിൽ തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യ വിദേശ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യാനുള്ള കമ്പോളമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. വരുമാനം വർദ്ധിപ്പിക്കാനും ആഭ്യന്തര കമ്പോളം ശക്തിപ്പെടുത്താനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനത്തിന് ഫണ്ട് ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൂടുതൽ കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും നിലവിലുള്ളവയുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുകയും വേണം. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയ്ക്കാനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിക്കണം. വെട്ടിക്കുറച്ച റേഷൻ അരി വിഹിതം പുന:സ്ഥാപിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന ഓരോ നടപടികളുടെയും ഫലമായി ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കേരളത്തിലെ ജന ജീവിതം ദുഷ്ക്കരമാക്കിത്തീർത്തിരിക്കുകയാണ്. ഈ പ്രതിസന്ധിക്ക് പരിഹാരമെന്ന നിലയിൽ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കാനും പൊതുമാർക്കറ്റിൽ ശക്തമായ ഇടപെടലുകൾ നടത്താനുമുള്ള നടപടി സ്വീകരിക്കണം. ചെക്കുപോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കൊച്ചിയിലും മധുരയിലും ചെക്കുപോസ്റ്റുകൾ സ്ഥാപിക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനത്തിനുവേണ്ടി പണം അനുവദിക്കണമെന്ന് അപേക്ഷിക്കമ്പോൾ അതിനെ പ്രതിപക്ഷം എതിർക്കുന്നത് നിഷേധാത്മകമായ സമീപനമാണ്. വളരെ ത്വരിതഗതിയിൽ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ആഗോള സാമ്പത്തികമാന്ദ്യം കേരളത്തേയും ബാധിച്ചിരിക്കുന്നത്. സാമൂഹ്യസുരക്ഷയ്ക്കുവേണ്ടി ബഡ്ജറ്റിൽ പുതിയ പദ്ധതികൾ ഉൾക്കൊള്ളിക്കുമെന്നും ക്ഷേമപദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും കൂടുതൽ തുക അനുവദിക്കുമെന്നുമുള്ള ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസ്താവന കേരളീയർക്ക് ആശ്വാസം പകരുന്ന താണ്. ബഡ്ജറ്റിനുപുറമെ കൂടുതൽ ഫണ്ട് സ്വരൂപിച്ച് കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാകണം. ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തിലെ ധനാഗമ മാർഗ്ഗങ്ങളേയും പരമ്പരാഗത കയറ്റുമതി മേഖലയേയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. നികുതി പിരിച്ചെടുക്കാൻ ഗവൺമെന്റ് കാണിച്ച ആത്മാർത്ഥമായ പരിശ്രമം കൊണ്ടാണ് നികുതി വരുമാനം വർദ്ധിക്കാനിടയായത്. വികസന കാര്യങ്ങൾക്കുവേണ്ടി ധനകാര്യവകുപ്പ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. മുതലാളിത്ത സമ്പദ്ഘടനയുടെ തകർച്ചയിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇനിയെങ്കിലും രാജ്യദ്രോഹകരമായ നയങ്ങൾ തിരുത്താൻ കോൺഗ്രസ്സ് തയ്യാറാകണം. പ്രത്യേക സാമ്പത്തിക പാക്കേജ് കൊണ്ടുവരികയും കൂടുതൽ തൊഴിൽ സാധ്യതയുള്ള മേഖല കളിൽ വൻതോതിൽ നിക്ഷേപം നടത്തുകയും വേണം. ബാങ്കിംഗ് റെഗുലേഷൻ ഭേദഗതി നിയമം, എൽ.ഐ.സി.യുടെ വിദേശ നിക്ഷേപം വർദ്ധിപ്പിക്കുന്ന നിയമം എന്നിവയുമായി മുന്നോട്ടുപോകരുത്. സാങ്കേതിക

മേഖലയിലെ വേതനം മരവിപ്പിക്കുന്നതിനെതിരെ മൊറട്ടോറിയം പ്രഖ്യാപിക്കണം. ഉല്പാദനം വൻതോതിൽ വർദ്ധിപ്പിക്കണം. സംസ്ഥാനങ്ങൾക്കുള്ള അരിയുടേയും ഗോതമ്പിന്റേയും വിഹിതം വർദ്ധിപ്പിക്കണം. കയറ്റുമതി മേഖലയ്ക്ക് ഉചിതമായ സമാശ്വാസ പാക്കേജ് അനുവദിക്കണം. ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കണം. ഭീകരവാദികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ മാത്രമേ ഇവിടെ നടക്കുന്നുള്ളൂ. സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതികൾക്ക് ഒരു ക്രമീകരണവും ഏർപ്പെടുത്താതെയാണ് സപ്ളിമെന്ററി ഡിമാന്റ് കൊണ്ടുവന്നിരിക്കുന്നത്. പ്ളാൻ എക്സ്പെൻഡിച്ചർപോലും പൂർണ്ണമായി ചെലവഴിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നില്ല. സെൻട്രലി സ്പോൺസേർഡ് സ്കീംസിനുവേണ്ടി ഈ വർഷം അലോട്ട് ചെയ്ത തുകയിൽ ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല. സെൻട്രലി സ്പോൺസേർഡ് സ്കീമുകൾക്കുള്ള സംസ്ഥാന വിഹിതം നീക്കിവയ്ക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചിരിക്കുന്നു. ആരോഗ്യരംഗത്ത് എൻ.ആർ.എച്ച്.എം. ഫണ്ട് പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നില്ല. ഇൻഫോ പാർക്കിന് സ്ഥലവും കെട്ടിടവും കൊടുക്കുന്ന കാര്യത്തിൽ പരസ്പരവിരുദ്ധമായ മറുപടിയാണ് മുഖ്യമന്ത്രി നൽകിക്കൊണ്ടിരിക്കുന്നത്. കിൻഫ്രയുടെ 13.94 ഏക്കർ ഭൂമി ടീകോമിന് കൊടുത്തിട്ട് അതിന്റെ വില സർക്കാർ കണക്കാക്കിയിട്ടില്ല. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വിതരണം ചെയ്ത മരുന്നുകളുടെ ക്വാളിറ്റിയേയും വിലനിലവാരത്തേയും സംബന്ധിച്ച് ഗുരുതരമായ ആക്ഷേപങ്ങളുണ്ട്. 215

മരുന്നുകളുടെ വില കഴിഞ്ഞ വർഷം സി.പി.സി. വഴി വിതരണം ചെയ്ത റേറ്റിനേക്കാൾ നൂറ് ശതമാനത്തിലധികം കൂട്ടിയാണ് വിതരണം ചെയ്തിട്ടുള്ളത്. ശബരിമലയിൽ കഴിഞ്ഞ വർഷം സി.പി.സി. വഴി 35 ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങിയ സ്ഥാനത്ത് ഈ വർഷം ഒരു കോടി രൂപയുടെ മരുന്ന് സംഭരിച്ചിട്ടുണ്ടന്ന വാർത്തയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാട് വ്യക്തമാക്കണം. കൃത്യമായ പരിശോധന കൂടാതെ മരുന്നുകൾ വിൽക്കുന്നതിലൂടെ അതിന്റെ ഗുണനില വാരം കുറയുന്നു. ക്വാളിറ്റി കുറഞ്ഞ മരുന്നുകൾ വാങ്ങാൻ തീരുമാനമെടുത്തത് ആരാണെന്ന് വ്യക്തമാക്കണം. ഇത്തരത്തിലുള്ള മരുന്നുകൾ വിതരണം ചെയ്ത മരുന്നു കമ്പനികളെ ബ്ലാക്ക്ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള കാര്യവും വ്യക്തമാക്കണം. ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിൽപ്പന, വ്യാജ സർട്ടിഫിക്കറ്റ്, ടെണ്ടറിലെ തിരിമറി തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് സമഗ്ര അന്വേ ഷണം നടത്തണം. മാലേഗാവ് സ്ഫോടനവുമായി ബന്ധപ്പെട്ട് സൈനികരെ അടച്ചാക്ഷേപിക്കുന്നത് ശരിയല്ല. ഭീകര സംഭവങ്ങളുടെ പേരിൽ ഒരു സമുദായത്തെ അടച്ചാക്ഷേപിക്കുകയോ ഒറ്റപ്പെടുത്തുകയോ ചെയ്യുന്നത് ഉചിതമല്ല. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ കേന്ദ്ര സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നു പറയുന്നത് അടിസ്ഥാനരഹിതമാണ്. 90 ശതമാനം മുസ്ലിം ഭൂരിപക്ഷമുള്ള ജില്ലകളിൽ അടിസ്ഥാന സൗകര്യങ്ങൾക്കായി 3780 കോടി രൂപ മാറ്റി വയ്ക്കണം, പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന മുസ്ലിം വിദ്യാർത്ഥിനികൾക്കും ഒന്നു മുതൽ പത്താം സ്റ്റാന്റേഡർഡ് വരെ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ

വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകണം, ഇൻഡ്യയിലെ ഷെഡ്യൂൾഡ് ബാങ്കുകൾ ദുർബല വിഭാഗങ്ങൾക്ക് ലോണിനായി നീക്കിവയ്ക്കുന്ന തുകയിൽ 15 % ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കൊടുക്കണം, റിസർവ്വ് ബാങ്കിന്റെ സർക്കുലർ പ്രകാരം ലോൺ ലഭ്യമാക്കുന്നതിൽ മുസ്ലീങ്ങൾക്കുള്ള പ്രാതിനിധ്യം നൽകണം, സെന്റർ പാരാമിലിറ്ററി ഫോഴ്സിൽ ന്യൂനപക്ഷങ്ങൾക്ക് സംവരണം നൽകണം, ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കണം തുടങ്ങി സച്ചാർ കമ്മിറ്റിയുടെ വിവിധ ശുപാർശകൾ കേന്ദ്ര ഗവൺമെന്റ് ഓരോന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലെ മുസ്ലീങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും പിന്നോക്കാവസ്ഥ മാറ്റുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടും ഇച്ഛാശക്തിയുമാണുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. അഴിമതിവിമുക്ത സംവിധാനത്തോടുകൂടിയ സുതാര്യമായ പ്രവർത്തനമാണ് ആറ് മാസം മുമ്പ് രൂപീകരിക്കപ്പെട്ട മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കാഴ്ചവയ്ക്കുന്നത്. കോർപ്പറേഷനുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രാജ്യത്തിനകത്തും പുറത്തും വെബ്സൈറ്റിലൂടെ ലഭിക്കുന്നതാണ്. കോർപ്പറേഷന് വളരെ വ്യക്തമായ ഗൈഡ്ലൈൻസ് ഉണ്ട്. ഇതുപ്രകാരം 174 കമ്പനികളെ ടെണ്ടർ പ്രോസസ്സിൽ പങ്കെടുപ്പിക്കാൻ സാധിച്ചു. ലോവസ്റ്റ് റേറ്റ് ക്വാട്ട് ചെയ്യുന്ന കമ്പനികളുടെ ഒരു പ്രൊവിഷണൽ ലിസ്റ്റ് ആദ്യം തയ്യാറാക്കും. അത് വെബ്സൈറ്റിൽ കൊടുത്തതിനുശേഷം ലഭിക്കുന്ന

പരാതികളുടെ അടിസ്ഥാനത്തിൽ ഫാക്ടറി വിസിറ്റ്, ടെക്നിക്കൽ എക്സാമിനേഷൻ, സ്വീച്ചേഴ്സ് ആന്റ് സർജിക്കൽ ഐറ്റത്തിന് പ്രത്യേക പരിശോധന എന്നിവ നടത്തി ഏതാണ്ട് 82 ഐറ്റംസ് റിജക്റ്റ് ചെയ്തു. ഫാക്ടറി വിസിറ്റിന്റെ ഭാഗമായി അവശ്യ സർട്ടിഫിക്കറ്റ് ഇല്ലാത്ത ഏഴ് കമ്പനികളെ റിജക്റ്റ് ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാങ്ങിക്കൂട്ടിയ ഉപയോഗിക്കാതെ ഗോഡൗണിൽ കെട്ടിക്കിടന്ന മരുന്നുകളും നീഡിൽസും സിറിഞ്ചും ധനകാര്യ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി.. ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന നൂൽ ഗുണനിലവാരമുള്ളതായിരിക്കണം. ഗുണനിലവാരം കുറഞ്ഞ നൂലും മറ്റും കൊണ്ട് ശസ്ത്രക്രിയ നടത്തിയാൽ അത് അപകടത്തിനിടയാക്കും. ഡി.എം.ഇ.യും ഡി.എച്ച്.എസ്സും പ്രൊപ്പോസ് ചെയ്യുന്ന ഡോക്ടർമാർ അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ ക്വാളിറ്റി പരിശോധനയ്ക്കു ശേഷം മാത്രമേ മരുന്നുകൾ വാങ്ങുകയുള്ളൂ. ഗുണനില വാരം കുറഞ്ഞ മരുന്നുകളോ സർജിക്കൽ ഐറ്റങ്ങളോ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വിതരണം ചെയ്തിട്ടില്ല. ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിലകുറച്ച് വാങ്ങിയിട്ടില്ലെന്ന് മാത്രമല്ല 20 വർഷത്തെ എക്സ്പീരിയൻസുള്ളതും കമ്പനികളുടെ ഗൈഡ്ലൈനിൽ പറയുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുമായ കമ്പനികൾക്ക് മാത്രമാണ് ഓർഡർ നൽകിയിട്ടുള്ളത്. മരുന്നുകൾ ഇറക്കിയശേഷം ബാച്ചായി സാമ്പിളുകൾ പരിശോധിക്കും. കഴിഞ്ഞ പ്രാവശ്യം മരുന്ന് ഇറക്കേണ്ട കമ്പനികൾ മരുന്ന് ഇറക്കാത്തതിനെത്തുടർന്ന് ഷോർട്ടേജ് വന്നപ്പോൾ ബോർഡ് ഓഫ് ഡയറക്ടേഴ്സ് മീറ്റിംഗ് കൂടി കഴിഞ്ഞ കാലങ്ങളിലുള്ള അതേ രീതി ഒരു തവണകൂടി തുടരാൻ തീരുമാനിച്ചു. സി.പി.സി. വാങ്ങുന്ന മരുന്നിന്റെ സാമ്പി ളുകൾ ആശുപത്രിയിൽപ്പോയി കളക്ട്ചെയ്ത് പരിശോധിക്കുകയാണ് ചെയ്യു

ന്നത്. ക്വാളിറ്റിയുള്ള മരുന്നുകൾ നൽകാൻ ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ക്വാളിറ്റിയെ സംബന്ധിച്ച് യാതൊരു വിട്ടുവീഴ്ചയ്ക്കും ഗവൺമെന്റ് തയ്യാറല്ല. ടെക്നിക്കൽ കമ്മിറ്റി സർജിക്കൽ ഐറ്റംസ് പരിശോധിക്കേണ്ട ആവശ്യമില്ല; സ്പെസിഫിക്കേഷൻ മാത്രമാണ് പരിശോധിക്കുന്നത്. കണ്ടന്റ്സും പരിശോധിക്കാറില്ല. ടെണ്ടർ കണ്ടീഷൻസ് കോർപ്പറേഷൻ അതുപോലെ പാലിക്കുകയാണ് ചെയ്യുന്നത്. കോഡ് നമ്പറിനെ സംബന്ധിച്ച് പറയുമ്പോൾ suture materials ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് റീടെണ്ടർ ചെയ്ത് ജോൺസൺ ആന്റ് ജോൺസൺ കമ്പനിക്ക് ഓർഡർ കൊടുത്തത്. ചില കമ്പനികളുടെ ക്വാളിറ്റി മോശമായതിനാൽ റിജക്ട് ചെയ്തു. ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് തിരുത്തിയിട്ടില്ല; ഓവർറൈറ്റിംഗ് മാത്രമാണ് വന്നിട്ടുള്ളത്. ക്വാട്ട് ചെയ്യുന്ന കമ്പനിയുടെ സ്പെസിഫിക്കേഷനും ഗുണവും കാണിച്ച് ഡോക്ടർമാർ സ്വന്തം കൈപ്പടയിലെഴുതിത്തരുന്ന റിപ്പോർട്ട് തിരുത്താൻ കഴിയില്ല. ഓർഡർ ഷെയർ ചെയ്ത നടപടി കോർപ്പറേഷന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഒരേ വിലയ്ക്ക് ക്വാട്ട് ചെയ്താൽ കോർപ്പറേഷന് കമ്പനികൾക്ക് ഷെയർ ചെയ്തു കൊടുക്കാം. കമ്പനികൾ പ്രൊഡ്യൂസ് ചെയ്യുന്ന ജി.എം.പി. സർട്ടിഫിക്കറ്റും 20 വർഷത്തെ എക്സ്പീരിയൻസുമുള്ള കമ്പനികളുടെ ഓർഡറുകളാണ് കോർപ്പറേഷൻ സ്വീകരിക്കുന്നത്. ജി.എം.പി. സർട്ടിഫിക്കറ്റ് ഒരു മരുന്നു കമ്പനിക്ക് കൊടുക്കുന്നത് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റാണ്. വളരെ സ്ട്രിക്ടായിട്ടുള്ള പ്രൊസീഡ്യുവറാണ് ഇപ്പോൾ ഫോളോ ചെയ്യുന്നത്. ഏതെങ്കിലും ഒരു കമ്പനി വ്യാജരേഖ സമർപ്പിച്ചിട്ടുണ്ടെന്ന് തെളിഞ്ഞാൽ ഗവൺമെന്റ് ആ കമ്പനിക്കെതിരെ

ശക്തമായ നടപടി സ്വീകരിക്കും. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി സ്ഥിരവും സുതാര്യവുമായ സംവിധാനം ഉപയോഗിച്ച് മരുന്ന് വാങ്ങാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ശബരിമലയിൽ എമർജൻസി വന്നാൽ നേരിടാനായി ഒരു കോടി രൂപയുടെ മരുന്ന് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ഇവിടെ ഉന്നയിച്ച അടിസ്ഥാനരഹിതമായ ആരോപണം പിൻവലിക്കണം. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ തകർക്കാനുള്ള ഗൂഢാലോചനയാണ് ഇതിനു പിന്നിലുള്ളത്. ക്വാളിറ്റി കുറഞ്ഞ മരുന്നുകൾ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്ന കമ്പനികളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിന് നിയമപരമായ പ്രൊസീഡ്യുവറുണ്ട്. ഒരു മരുന്നിന്റെ പായ്ക്കറ്റ് പൊളിയുകയോ ഗുണനിലവാരം കുറയുകയോ ചെയ്താൽ ആദ്യം ആ മരുന്നിനെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുകയും പിന്നീട് ടെസ്റ്റ് റിപ്പോർട്ട് കിട്ടിയതിനുശേഷം ആ ദിവസംതന്നെ ആ മരുന്ന് ഫ്രീസ് ചെയ്യാനും തിരിച്ചെടുക്കാനും കമ്പനിക്ക് നോട്ടീസ് നൽകാനുമുള്ള തീരുമാന മെടുത്ത് വെബ്സൈറ്റിൽ കൊടുക്കാറുണ്ട്. അങ്ങനെയുള്ള മരുന്ന് ഉപയോഗിക്കരുതെന്ന് പ്രത്യേക നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : ശ്രീ. വി. ഡി. സതീശൻ വ്യക്തമായ രേഖകളുടെ പിൻബലത്തോടുകൂടിയാണ് ഇവിടെ ആരോപണം ഉന്നയിച്ചത്. അതിൽ ഒന്നിനുപോലും മറുപടി പറയാതെ മന്ത്രി ഒഴിഞ്ഞു മാറുന്നത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നടന്ന കോടികളുടെ അഴി മതിമറച്ചുവയ്ക്കാനാണ്. ഇതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): കയ്യേറ്റം ഒഴിപ്പിച്ചതും സർക്കാരിന്റെ കൈവശമുള്ളതും

വിതരണയോഗ്യമായതുമായ ഭൂമി, ഭൂരഹിതരായ പാവപ്പെട്ട തോട്ടം തൊഴിലാളികൾക്കും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ള സാധാരണക്കാരായ ജനങ്ങൾക്കും വിതരണം ചെയ്യാനുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. 2008 ഒക്ടേബർ 5 മുതൽ 12 ജില്ലകളിലും ഭൂവിതരണ മേളകൾ നടത്തി. ശേഷിക്കുന്നത് പത്തനംതിട്ട, കാസർഗോഡ് ജില്ലകളാണ് മൂന്നാറിലെ ദേവികുളം താലൂക്കിൽ 1662 ഏക്കർ ഭൂമി വിതരണത്തിനുള്ള അപേക്ഷ സ്വീകരിച്ചുകഴിഞ്ഞു. നാല് സെന്റ് മുതൽ 50 സെന്റ് വരെ വിവിധ കാറ്റഗറിയിലുള്ള ഭൂമി വിതരണം ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമമനുസരിച്ച് ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാനുള്ള നടപടികൾ 2009 ജനുവരി മാസം മുതൽ സ്വീകരിച്ചു തുടങ്ങും. സംസ്ഥാനത്തുള്ള മുഴുവൻ ഭൂരഹിതരായ ദുർബല ജന വിഭാഗങ്ങൾക്ക് രണ്ടുവർഷത്തിനകം ഭൂമി കൊടുക്കുന്നതിനാവശ്യമായ നടപടികൾ എസ്.സി./എസ്.ടി. ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചിട്ടുണ്ട്. 2007-ലെ ഇൻഡ്യാ ഗവൺമെന്റിന്റെ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കു പ്രകാരം സ്ത്രീകൾക്കെതിരെയുള്ള അതിക്രമവും കൊലപാതകവും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുറവാണ്. ക്രമസമാധന പാലനത്തിൽ മെച്ചപ്പെട്ട സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞിരിക്കുക യാണ്. മുംബൈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് പുതിയ സ്ഥിതി വിശേഷം സൃഷ്ടിക്കാൻ ബോധപൂർവ്വം നടത്തുന്ന ശ്രമം നേരിടാൻ രാജ്യം ഏക മനസ്സോടുകൂടി രംഗത്തിറങ്ങണം. വിമർശനങ്ങളെ ഉള്ളിൽ ഒതുക്കിപ്പിടിച്ചുകൊണ്ട് ഭീകരവാദ-വിഘടന ശക്തികളെ നേരിടുന്നതിന്

രാജ്യം ഒറ്റക്കെട്ടായി നിൽക്കുന്നതിനുള്ള എല്ലാ നടപടികൾക്കും ഗവൺമെന്റ് ആവശ്യമായ സഹായം ചെയ്യും. ഇത്തരം പ്രശ്നങ്ങളെ ഗൗരവപൂർവ്വം പരിശോധിച്ചുകൊണ്ട് ഇടപെടാനാണ് സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന് എല്ലാപേരുടേയും സഹകരണമുണ്ടാകണം. മുംബൈയിലെ സംഭവത്തിൽ കമാൻഡോയിൽപ്പെട്ട മലയാളിയായ സന്ദീപ് ഉൾപ്പെടെയുള്ള ആളുകൾ രക്തസാക്ഷിത്വം വരിച്ചു. സന്ദീപിന്റെ കുടുംബത്തെ ഗവൺമെന്റ് അനുശോചനം അറിയിച്ചു. ഭീകരരെ തുരത്തി രാജ്യത്തിന്റെ അഭിമാനം ഉയർത്തിപ്പിടിക്കുന്നതിൽ ഭാരതീയർ ഒറ്റ മനസ്സോടുകൂടി നീങ്ങണം. അതിൽ രക്തസാക്ഷിത്വം വഹിച്ചവരുടെ കുടുംബത്തിന് ചെയ്യാവുന്ന എല്ലാ സഹായങ്ങളും ഈ ഗവൺമെന്റ് ചെയ്യും.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): സംസ്ഥാനത്തിന്റെ ധനസ്ഥിതി ഈ സഭ പാസ്സാക്കിയ ബഡ്ജറ്റിലെ നിർദ്ദേശപ്രകാരം തന്നെ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. നിയമസഭ പാസ്സാക്കുന്ന ബഡ്ജറ്റിലെ വരവു ചെലവുകൾ കാര്യക്ഷമമായി നടത്തുന്നതാണ് ധനമാനേജുമെന്റ്. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കഴിഞ്ഞ വർഷം ഒക്ടോബർ മാസത്തിൽ 2,521 കോടി രൂപയായിരുന്നത് ഈ വർഷം 1,572 കോടി രൂപയായി കുറഞ്ഞു. ധനകമ്മി കഴിഞ്ഞവർഷം 3,241 കോടി രൂപയായിരുന്നത് ഈ വർഷം 2,366 കോടി രൂപയായി കുറഞ്ഞു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിലയിലേയ്ക്ക് കമ്മി വർഷാവസാനം വന്നുനിൽക്കും. കഴിഞ്ഞവർഷം സംസ്ഥാനത്തിന്റെ കടം 39.11 ശതമാനമായിരുന്നത് ഈ വർഷം 34.59 ശതമാനം മാത്രമാണ്. ഈ വർഷം അവസാനിക്കുമ്പോൾ ബഡ്ജറ്റിൽ പറഞ്ഞതോതിൽ കടം നിൽക്കും. കഴിഞ്ഞവർഷം ഒക്ടോബർ മാസം വരെ സർക്കാരിന്റെ മൊത്തം ചെലവ്

13,468 കോടി രൂപയായിരുന്നത് ഇപ്പോൾ 15,239 കോടി രൂപയായി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1,771 കോടി രൂപ ഓക്ടോബർ മാസം വരെ ചെലവഴിച്ചിട്ടുണ്ട്. 13 ശതമാനം ചെലവ് വർദ്ധിച്ചു. ബഡ്ജറ്റിലെ കണക്കുപ്രകാരം 1,686 കോടി രൂപയാണ് മുൻ വർഷത്തേക്കാൾ ഈ വർഷം ചെലവാക്കേണ്ടത്. കഴിഞ്ഞവർഷം പ്ലാനിൽ 1,352 കോടി രൂപയാണ് ചെല വഴിച്ചത് ഈ വർഷം 1,592 കോടി രൂപ ചെലവഴിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ചെലവ് 18 ശതമാനം കൂടി. സർക്കാരിന്റെ മൊത്തം ചെലവ് 13 ശതമാനം കൂടിയപ്പോൾ പദ്ധതിച്ചെലവ് 18 ശതമാനം കൂടിയിട്ടുണ്ട്. കഴിഞ്ഞ വർഷം 10,203 കോടി രൂപയായിരുന്ന നികുതി വരുമാനം ഈ വർഷം 12,849 കോടി രൂപയായി കൂടി. അതായത് 26 ശതമാനം വർദ്ധനവ്. സാമ്പത്തിക മാന്ദ്യം നിലനിൽക്കുമ്പോൾ ധനകമ്മി കൂടുകയാണ് വേണ്ടത്. ധനകമ്മി കൂട്ടുന്നതിനുള്ള മാർഗ്ഗം റിസർവ് ബാങ്കിൽനിന്നും കമ്പോളത്തിൽനിന്നും വായ്പയെടുക്കുക എന്നതാണ്. എന്നാൽ ഓവർ ഡ്രാഫ്റ്റിന് പരിധിയുണ്ട്. കടം വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും വേണം. കഴിഞ്ഞവർഷം 7,338 കോടി രൂപ വായ്പയെടുക്കാൻ കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നെങ്കിൽ 2008-09-ൽ 5,811 കോടി രൂപ മാത്രമേ വായ്പയെടുക്കാൻ അനുവദിക്കുന്നുള്ളൂ. വായ്പ അനുവദിക്കാൻ ബാങ്കുകൾക്ക് അവസരമുണ്ടായിട്ടും കൊടുക്കുന്നില്ല. ഈ വർഷം 8,250 കോടി രൂപ വായ്പയെടുത്ത് 3,367 കോടി രൂപ റവന്യൂകമ്മി നികത്താൻ കഴിഞ്ഞാൽ ബാക്കി രൂപ പൂർണ്ണായിട്ടും മൂലധന നിക്ഷേപത്തിനുവേണ്ടി ഉപയോഗിക്കാം. വായ്പയെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്തിന് മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടി വരും.

ട്രഷറി ഡെപ്പോസിറ്റിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത് വർദ്ധിപ്പിക്കുക എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ, കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, കൺസ്ട്രക്ഷൻ കോർപ്പറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കൺസോർഷ്യം എന്നിവയിലൂടെ വായ്പയെടുത്ത് റോഡും പാലവും നിർമ്മിക്കുന്നതിനും വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നിലപാട് സർക്കാർ സ്വീകരിക്കാൻ പോകുന്നു. ധനകമ്മി നാല് ശതമാനമായിട്ടെങ്കിലും ഉയർത്താൻ കഴിയണം. അതിന്റെയടിസ്ഥാനത്തിൽ നിക്ഷേപം വർദ്ധിപ്പിക്കാം. വിലക്കയറ്റം 8 ശതമാനത്തിൽ കൂടുതൽ നിൽക്കുകയാണ്. വിലക്കയറ്റം രൂക്ഷമായി നിൽക്കാൻ കാരണം കേന്ദ്ര സർക്കാർ ഡീസലിനും പെട്രോളിനും വില വർദ്ധിപ്പിച്ചതാണ്. ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ കാഴ്ചപ്പാട് മാറുന്നില്ല. എന്നാൽ ഈ ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. സാധാരണഗതിയിൽ ഒന്നാമത്തെ സപ്ലിമെന്ററി ഡിമാന്റിൽ അഡീഷണൽ ആതറൈസേഷൻ കൊടുത്ത് ചെലവാക്കുന്നത് ഉൾപ്പെടുത്തുന്നില്ല. ഈ ഉപധനാഭ്യർത്ഥന കൊണ്ടുവന്നിരിക്കുന്നത് കണ്ടിജൻസി ഫണ്ടിൽനിന്നും പിൻവലിച്ച തുക റഗുലറൈസ് ചെയ്യാൻവേണ്ടികൂടിയാണ്. വിഷൻ 2010 പ്രകാരം 2007-08-ൽ കൊടുത്തത് 139 മണ്ഡലങ്ങളിലായി 205 വർക്കുകളും 129 കോടി രൂപയുടെ ഭരണാനുമതിയുമാണ്. 2008-09-ൽ 49 മണ്ഡലങ്ങളിൽ 62 വർക്കുകൾക്ക് പതിമൂന്നര കോടി രൂപ വേണ്ടിവരും. അടുത്ത ഒരു മാസത്തിനുള്ളിൽ പൂർണ്ണമായിട്ടും ഇതു കൊടുത്തു തീർക്കും. 350 കോടി രൂപയുടെ പ്രവൃത്തികളാണ് ആരംഭിക്കുന്നത്. കേരളാ വാട്ടർ അതോറിറ്റിക്ക് 600 കോടിരൂപയുടെ പുതിയ പ്രവൃത്തികൾക്കാണ് അനുവാദം കൊടുത്തിട്ടുള്ളത്.

കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ചുരുങ്ങിയത് 100 കോടി രൂപയുടെ വായ്പയെടുത്ത് തീരദേശ റോഡുകളും പാലങ്ങളും ഹാർബറുകളും പണിയും. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന് 100 കോടി രൂപയുടെ റെയിൽവേ വർക്കുകളുടെ എസ്റ്റിമേറ്റ് ആയി. രണ്ടാഴ്ചയ്ക്കുള്ളിൽ അതിന്റെ ഭരണാനുമതി നൽകാൻ കഴിയും. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ധനസ്ഥിതി മെച്ചപ്പെട്ടാൽ നിർമ്മാണ പ്രവൃത്തികൾ പരമാവധി ആരംഭിക്കാൻ സാധിക്കും. ഇന്നത്തെ പരിതസ്ഥിതിയിൽ ഏറ്റവും കൂടുതൽ ആക്സിലറേറ്റർ മൾട്ടിപ്ലെ ഇംപാക്ടുള്ളത് ഹൗസിംഗിനാണ്. അത് സമ്പത്ത് വർദ്ധിപ്പിക്കും. സഹകരണ ബാങ്കിൽനിന്നുള്ള വായ്പയ്ക്കും നാല് കോർപ്പറേഷൻ എടുക്കുന്ന വായ്പകൾക്കും ഗവൺമെന്റ് ഗ്യാരന്റി കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. ഇത്തരത്തിൽ വ്യക്തമായ നിലപാടോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഉപധനാഭ്യർത്ഥനകൾ പാസ്സിക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നീ XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.00-ന് പിരിഞ്ഞു.

*************